Shri K. Mahabala Bhandari: Sir, we also consider that the insult done to the Hon. Member Mr. George is not in conformity with the decency and decorum of this House. Ministers are not expected to behave in such a way, and the Labour Minister is not prepared to apologise for what he has done. So we also register our protest boycotting the meeting.

(Mr. Bhandari then went out of the House).

ശ്രീ. കെ. എ. ശിവരാമഭാരതി: ഈ സംഭവത്തെ സംബന്ധിച്ച് ഇത്രയൊക്കെ പരമാർശങ്ങൾ ഇവിടെ നടക്കേണ്ടതുണ്ടോ എന്നതിനെ സംബന്ധിച്ച് എന്റെ കക്ഷിക്ക് സംശയമുണ്ട്. ഈ സഭാ നടപടി തുടർന്നു നടക്കുന്നതിന് വിരോധമില്ലെന്ന് സ്പീക്കർ വളരെ കർശനമായിട്ട് റൂളിംഗ് നൽകിയിട്ടും അത്തരത്തിലുള്ള സാഹചര്യങ്ങളല്ല സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നുള്ളതിൽ തീർച്ചയായും വളരെയധികം വ്യസനവും ഖേദവും പ്രകടിപ്പിക്കുകയല്ലാതെ യാതൊരു മാർഗ്ഗവും ഇല്ല. ഇതിനുമുമ്പ് എത്രയോ പ്രക്ഷോഭകരമായ രംഗങ്ങൾ ഈ സഭയിൽ ഉണ്ടായിട്ടുണ്ട്, എത്രയോ അഴിമതികൾ മന്ത്രിമാരുടെ പേരിൽ കൊണ്ടുവന്നിട്ടുണ്ട്, അന്നൊക്കെ ആർക്കും ഒരു ആക്ഷേപവും ഇല്ലായിരുന്നു. നിയമസഭ നിർത്തിവയ്ക്കണമെന്ന് ആരും ആവശ്യപ്പെട്ടില്ല. അതേയവസരത്തിൽ ഒരു മന്ത്രി ഒരു കാര്യം പറഞ്ഞുവെന്നുള്ളതിനെ സംബന്ധിച്ച് നടപടി സ്വീകരിക്കാത്തതുകൊണ്ട് സഭാനടപടികൾ നിർത്തിവെയ്പ്പിച്ച സാഹചര്യത്തെക്കുറിച്ച് വളരെയധികം ഖേദം ഉണ്ട്. അങ്ങനെയൊരു സ്ഥിതിവിശേഷം ഉണ്ടായതുകൊണ്ട് അടിയന്തിരമായും ഈ മന്ത്രി സഭ രാജിവെയ്ക്കുകയോ ആവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. നാണംകെട്ട അഭിപ്രായ പ്രകടനങ്ങൾ ഉത്തരവാദിത്വമില്ലാത്ത പ്രവൃത്തികൾ ആരുടെ ഭാഗത്തു നിന്നുണ്ടായാലും എങ്ങനെയാണ് ശരിവയ്ക്കുക. ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ സഹായകമായ നിലപാട് എടുക്കണം. ഇന്ന് അദ്ദേഹം എടുത്ത നിലപാടിനെ സംബന്ധിച്ചിടത്തോളം ആക്ഷേപമില്ല, തീർച്ചയായും ഐക്യമുന്നണി നിലനിൽക്കണം എന്ന ആഗ്രഹമാണ് ഉള്ളത്, അതിനുപറ്റിയ സമീപനം ഉണ്ടായിരിക്കണം. ഈ മന്ത്രിസഭ ഈ നിലയ്ക്ക് തുടരുന്നതു ശരിയല്ല.

Mr. Deputy Speaker: Now we will pass on to Legislative Business.

V. LEGISLATIVE BUSINESS

THE KERALA LAND REFORMS AMENDMENT BILL, 1968

Clause 2

Smt. K. R. Gouri: Sir, I move the following oral amendment:—

In clause 2, for sub clause (4), the following sub clause shall be substituted:—

"(4) in clause (52), for the words "twenty-four acres" and "Four standard acres", the words "ten acres" and "two and a half standard acres" shall respectively be substituted.

The amendment was put and carried",

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

The amendments (34 and 35) moved by Shri K. Mahabala Bhandari were by leave withdrawn

The question that clause 2, as amended, stands part of the Bill was put and carried.

Clause 2, as amended, was added to the Bill

Clause 3—(contd.)

Deputy Speaker: We shall resume consideration of clause 3.

Smt. K. R. Gouri: I move:

(4) In clause 3 (1) (c), In the proviso proposed to be substituted in paragraph (1), for the figures, letters and words "15th day of February 1951, in the taluk of Hosdurg or Kasaragod" the words commencement of this Act in any area in the taluk of Hosdurg or Kasaragod shall be substituted .

(5) In clause 3 (1) (c) (In the proviso proposed to be substituted) paragraph (iii) shall be renumbered as paragraph (iv) and before that paragraph, the following paragraph shall be inserted namely:— (iii) created before the commencement of this Act in cases where the lessee is entitled to fixity of tenure under section 4A, "or".

Shri K.G. Nilakantan Nambudiripad: Sir, I move:

(94) In clause 3 (1) (c), in paragraph (iii), after the words 'successor in interest' add the words " or a stranger".

ഡെപ്യൂട്ടി സ്പീക്കർ: പിന്നീട് സംസാരിക്കാൻ അവസരം തരാം.

Shri C. B. Chandrasekhara Warriar: Sir, I move:

(182) In clause 3 (1) (a), add as (v) the following: "(v) In Explanation II, delete the words "but shall not include lands registered under the Kandukrishi Land Assignment Rules, 1958".

Shri K. P. Raghavapothuval: Sir, I move:

(262) In clause 3 (c), (in the provisos to section 3 (1) (v) of the Principal Act proposed to be substituted) delete the entire sentence in item (i) and substitute, "created before the commencement of this Act in Malabar, "or"

ശ്രീ. ഗോപാലകൃഷ്ണൻ പറഞ്ഞ ചില സംഗതികളോട് ഞാൻ യോജിക്കുകയാണ്.

"Created before the commencement of this Act in Malabar, or" എന്നു പറയുകയാണെങ്കിൽ വിഷമം പരിഹരിക്കാം. മുൻപുണ്ടായിരുന്ന ആനുകൂല്യങ്ങൾ എടുത്തുകളയാൻ പാടില്ല; എടുത്തുകളയുകയില്ലെന്നു ഖണ്ഡിതമായി പറയണം. ശ്രീ. സി. ബി. സി. വാര്യർ 'മലബാർ എക്സിയാ' എന്നു പറയുന്നു, ഡെഫനിഷനിൽ 'മലബാർ' എന്നേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, 66-ാംമത്തെ ഭേദഗതിയെ സംബന്ധിച്ചാണ് ഞാനിന്നലെ സംസാരിച്ചത്. ഇപ്പോഴം അവതരിപ്പിച്ചിരിക്കുന്ന 182-ാം നമ്പർ ഭേദഗതി, ഒറിജിനൽ ആക്ടിൽ കണ്ടുകൃഷിയെക്കുറിച്ചുള്ള ഒരു പ്രൊവിഷൻ സംബന്ധിച്ചാണ്.

Explanation II: For the purposes of this clause "Kandukrishi lands" means lands covered by the Kandukrishi Proclamation, 1124, and includes Kandukrishi Pattam and Kandukrishi thanathu lands, but shall not include lands assigned on registry under the Kanduk rishi Land Assignment Rules, 1958; or

ഈ പ്രൊവിഷൻ നിലനിന്നാൽ 1964-നുശേഷം അസൈൻചെയ്തു രജിസ്ട്രിൽ കൊടുത്തിട്ടുള്ള കണ്ടുകൃഷി ഭൂമികളം നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവായിപ്പോകുമെന്നുള്ള ഭീതിയുടെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതു പരിശോധിച്ചശേഷം ആവശ്യമാണെങ്കിൽ സ്വീകരിക്കണമെന്നേ ഇതിനെക്കുറിച്ചു പറയാനുള്ളൂ.

Shri K. G. Nilakantan Nambudiripad: I move:

In clause 3 (1) (c), in paragraph (iii), after the words 'successor in interest', add the words " or a stranger".

ക്ലാസ് 3 ഒറിക്കാരന്റെ പാട്ടക്കാരന്റെ കാര്യത്തെ സംബന്ധിച്ചുള്ളതാണ്. ഒറിക്കാരന്റെ പാട്ടക്കാരന് ടെനൻസി റൈറ്റ് കിട്ടുകയില്ലെന്നാണ് ചാപ്റ്റർ 3 ൽ പറയുന്നത്. 3 (1) (സി) യിൽ പറയുന്നത് വസ്തുവുടമസ്ഥനോ അയാളുടെ അവകാശിയോ ഒറിക്കാരനോ അയാളുടെ അവകാശിയോ വസ്തുവിന്റെ ജൻമാവകാശം വാങ്ങിയാൽ ഒറിക്കാരൻ കൊടുത്തിരുന്ന ഒരു പാട്ടക്കാരനു ടെനൻറിന്റെ എല്ലാ അവകാശങ്ങളും കിട്ടത്തക്കനിലയിലാണ്. ഒറിക്കാരനോ അയാളുടെ അവകാശിയോ എന്നതിനുശേഷം 'or a stranger' എന്നു ചേർക്കണം. ഉടമാവകാശിയോ മറ്റാരങ്കിലുമോ അവകാശം വാങ്ങിയാൽ പാട്ടക്കാരനെ ടെനൻറായി കണക്കാക്കണമെന്നാണ് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. തുച്ഛമായ വിലകൊടുത്ത് ജന്മാവകാശം പലരും വാങ്ങാറുണ്ട്. അങ്ങനെ വാങ്ങിച്ച് പാട്ടക്കാരനെ ഒഴിപ്പിക്കാനുള്ള ശ്രമം വിജയിക്കുന്നുണ്ട്. പാവപ്പെട്ട വസ്തുവുടമസ്ഥന്മാരെ സഹായിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ഒറിക്കാരൻ കൊടുത്തിരിക്കുന്ന പാട്ടവുംകൂടി ഒഴിഞ്ഞുകിട്ടണം; അതിനുവേണ്ടിയാണ്. പാട്ടക്കാരെ സംരക്ഷിക്കുന്നതിനും പാട്ടക്കാർക്ക് 3-ാം വകുപ്പനുസരിച്ചുള്ള ആനുകൂല്യങ്ങം കിട്ടുന്നതിനും സഹായകമായ രീതിയിൽ, ഒറിക്കാരനോ അവകാശിയോ സ്ട്രെയിഞ്ചറോ ജന്മാവകാശം വാങ്ങിയാൽപ്പോലും ഒറിക്കാരനോ പാട്ടക്കാരനോ സ്ഥിരാവകാശം കിട്ടണമെന്നുള്ളതാണ് ഈ ഭേദഗതിയുടെ ഉദ്ദേശം. ഇത് അംഗീകരിക്കുന്നതിന് തടസ്സമുണ്ടാകുകയില്ലെന്നു വിശ്വസിക്കുകയാണ്.
ഇതാണ്.

ശ്രീമതി കെ. ആർ. ഗൗരി; ഈ അമൻറുമെൻറു ബില്ലിലെ വകുപ്പ് ഇതാണ്:—

(e) For the proviso after clause (vii), the following proviso shall be substituted, namely:—

Provided that nothing in clauses (i) to (vii) shall apply in the cases of persons who were entitled to fixity of tenure immediately before the 21st January, 1961, under any law then in force or persons claiming under such persons; or.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ഇതു വന്നുകഴിഞ്ഞപ്പോഴാ ഗവൺമെൻറിനുണ്ടായിരുന്ന ധാരണ മലബാർ ടെനൻസി ആക്ടറുപ്രകാരം ഫിക്സിറ്റി കിട്ടിയിട്ടുള്ള മോർട്ട്ഗേജസ്സി നൊക്കെ സംരക്ഷണം കിട്ടുമെന്നായിരുന്നു. മലബാർ ടെനൻസി ആക്ടറ് നോക്കിയപ്പോഴാ ഫിക്സിറ്റി പ്രൊവിഷനിലല്ല, മിസ്ലേനിയസ് പ്രൊവിഷനിലാണ് കാണുന്നത്. അതിനു ഞാനവതരിപ്പിച്ച ഭേദഗതി ഇതാണ്.

4. In clause 3 (1) (c), (in the proviso proposed to be substituted) in paragraph (i), for the figures, letters and words "15th day of February, 1961, in the taluk of Hosdurg or Kasaragod", the words "commencement of this Act in any area in the taluk of Hosdurg or Kasaragod" shall be substituted.

Deputy Speaker: 'Before the commencement of this Act' means only upto 1964 .....

അതിൽ മലബാർ എന്നു പറയുമ്പോഴാ കാസർകോടും ഹോസ്ദുർഗ്ഗും പെടും.

ശ്രീ. കെ. മെയ്ദീൻകുട്ടി ഹാജി: പിന്നെയും വ്യാഖ്യാനങ്ങളാ നൽകുമ്പോഴാ വിഷമമുണ്ടാകും. കുറെക്കൂടി വിവരിച്ച് എഴുതിക്കൂടേ ?

സംരക്ഷണം കിട്ടിയിരുന്ന ആളുകൾക്ക് സ്പെസിഫിക്കായി ഒരു ക്ലാസ് 1964 ലെ 1-ാം ആക്ടിൽ ഉണ്ടായിരുന്നു. 1943 എന്നാണ് ചേർത്തിരുന്നത്.

ശ്രീമതി കെ. ആർ. ഗൗരി; 1943 ൽ ആകെ നോക്കുകയാണെങ്കിൽ കൊച്ചിൻ വെറുംപാട്ടക്കാർ ആക്ടായിരുന്നു ബാധകമായിരുന്നത്. 1964 വരെ ഉണ്ടായിരുന്നതാണ് അത്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ; 262-ാമത്തെ ഭേദഗതി ഞാനവതരിപ്പിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും അതേ രൂപത്തിലാണ്.

ശ്രീമതി കെ. ആർ. ഗൗരി; ഞാൻ കൊണ്ടുവന്ന ഭേദഗതി വേണമെന്നില്ല. 262-ാം നമ്പർ ഭേദഗതി മതി.

3 (1) (സി) യിൽ "Provided that nothing in this clause shall apply to such tenancies:—

(i) created before the 15th day of February, 1961 in the taluk of Hosdurg or Kasargod in the Cannanore District to which the Malabar Tenancy Act, 1929, did not extend, or

എന്നുള്ളത് സ്വൽപം ഭംഗി കുറവായതുകൊണ്ട് സ്വൽപം മാറ്റം വരുത്തണം.

In clause 3 (1) (c), (in the proviso proposed to be substituted) paragraph (iii) shall be renumbered as paragraph (iv), and before that paragraph the following paragraph shall be inserted, namely:— "(iii) created before the commencement of this Act, where the lessee is entitled to fixity of tenure under section 4A, or":

പിന്നീടു വരുന്നത് ശ്രീ. സി. ബി. സി. വാര്യരുടെ 182-ാം നമ്പർ ഭേദഗതിയാണ്. അതാവശ്യമില്ല. ക്ലാസ് വായിച്ചാൽ അതു മനസ്സിലാകും.

LIBRARY ARCHIVES Kerala Legislative Assembly

For the purpose of this clause "Kandukrishi lands" means lands covered by the Kandukrishi Proclamation, 1124, and includes Kandukrishi pattam and Kandukrishi thanathu lands but shall not include lands assigned on registry under the Kandukrishi Land Assignment Rules, 1958; or.

എന്നു് അസൈൻ ചെയ്തു കഴിഞ്ഞോ അന്നു പട്ടയ ഭൂമിയാകും. അതു കൊണ്ടു് ബാധകമാകുകയില്ല. അതുകൊണ്ടു് ശ്രീ വാര്യരുടെ ഭേദഗതി ആവശ്യമില്ല.

94–ാം നമ്പർ ഭേദഗതിയിൽ പറയുന്നമാതിരി successor in interest എന്നതിനുശേഷം 'or a stranger' എന്നു ചേർക്കണ്ട ആവശ്യമില്ല. Lineal descendant എന്ന വാക്കല്ല ഉപയോഗിച്ചിരിക്കുന്നതു് successor in interest എന്നാണു്. സക്സസർ ഇൻ ഇൻറെറസ്റ്റ് എന്നുപറഞ്ഞാൽ ഏതുവിധത്തിൽ കുടുംബത്തിൽ നിന്നു് ആളുകൾക്കു കിട്ടുന്നുവോ അതുപോലെ അന്യനു കൈമാറ്റം ചെയ്താലും ഇൻറെറസ്റ്റു സംബന്ധിച്ചു് സക്സഷൻ ഉണ്ടാകുമെന്നാണു്. Lineal descendant, എന്നായിരുന്നെങ്കിലേ 'or a stranger' എന്നു ചേർക്കേണ്ടതുള്ളു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: നടപ്പുപണയത്തിലിരിക്കുന്ന ഭൂമി മൂന്നാമതൊരാൾ വിലയ്ക്കുവാങ്ങിയാൽ വരുന്ന ആപത്തിനെക്കുറിച്ചാണു് ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു സംസാരിച്ചതു്. എനിക്കു തോന്നുന്നതു് ബഹുമാനപ്പെട്ട മന്ത്രിയുടെ പക്കൽത്തന്നെ അതു സംബന്ധിച്ച ജഡ്ജ്മെൻറുകൾ കിട്ടിക്കാണുമെന്നാണു്. അതുകൊണ്ടു് അതിനു് ഒരുപോംവഴിയുണ്ടാക്കണം. ഇപ്പോൾ ചേർത്തിരിക്കുന്ന രീതിയിലാണെങ്കിൽ വൈഷമ്യമുണ്ടാകുമെന്നാണെനിക്കുതോന്നുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: സക്സസർ ഇൻ ഇൻറെറസ്റ്റ് എന്നു പറഞ്ഞാൽ സ്ട്രെയിഞ്ചറും ഉൾപ്പെടും.

The amendment (No. 4) moved by Smt. K. R. Gouri was, by leave, withdrawn.

The following amendment (No. 5) moved by Smt. K. R. Gouri (with the oral amendment,) viz.,

5. In clause 3 (1) (c), (in the proviso proposed to be substituted) paragraph (iii) shall be re-numbered as paragraph (iv), and before that paragraph, the following paragraph shall be inserted, namely:—

"(iii) created before the commencement of this Act where the lessee is entitled to fixity of tenure under section 4A, or"

was put and carried.

The amendment (No. 66) moved by Shri C.B. Chandrasekhara Warrier was, by leave, withdrawn.

The amendment (No.37) moved by Shri P. K. Gopalakrishnan was, by leave, withdrawn.

The amendment (No. 94) moved by Shri K. G. Neelakantan Nambudiripad was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

The amendment (No. 262) moved by Shri K. P. Raghava Poduval viz.,

In clause 3 (c), (in the provisos to section 3 (1) (v) of the Principal Act proposed to be substituted), delete the entire sentence in item (1) and substitute " created before the commencement of this Act in Malabar, or" was put and carried.

The question that Clause 3, as amended, stands part of the Bill was put and carried.

Clause 3, as amended, was added to the Bill.

Clause 4

The question that Clause 4 stands part of the Bill was put and carried.

Clause 4 was added to the Bill.

Clause 5

Smt. K. R. Gouri: Sir, I move:

6. In clause 5, (for section 4A proposed to be substituted by the clause) the following section shall be substituted, namely:—

"4A. *Certain mortgagees and lessees of mortgagees to be deemed tenants.*— (1) Notwithstanding anything to the contrary contained in any law or in any contract, custom or usage, or in any judgment, decree or order of court, a mortgagee with possession of land, other than land principally planted with rubber, coffee, tea or cardamom, or the lessee of a mortgagee of such land shall be deemed to be a tenant if—

(a) the mortgagee or lessee was holding the land comprised in the mortgage for a continuous period of not less than fifty years immediately preceding the commencement of the Kerala Land Reforms (Amendment) Act, 1969; or

(b) the mortgagee or lessee has constructed a building for his own residence in the land comprised in the mortgage and he was occupying such building for such purpose for a continuous period of not less than twenty years immediately preceding such commencement:

Provided that a mortgagee or lessee falling under this clause shall not be deemed to be a tenant if he, or where he is a member of a family, such family was holding any other land exceeding two acres in extent on the date of publication of the Kerala Land Reforms (Amendment) Bill, 1968, in the Gazette; or

(c) the land comprised in the mortgage was waste land at the time of mortgage or land to which the Madras Preservation of Private Forests Act, 1949, would have applied if that Act had been in force at the time of mortgage, and—

(i) the mortgagee or lessee was holding such land for a continuous period of not less than thirty years immediately preceding

LIBRARY ARCHIVES Kerala Legislative Assembly

the commencement of the Kerala Land Reforms (Amendment) Act, 1969; and

(ii) the mortgagee or lessee has effected substantial improvements on such land before such commencement.

Explanation I.—For the purposes of this sub-section in computing the period of continuous possession or occupation by a lessee, the period during which the mortgagee was in possession or occupation, as the case may be, shall also be taken into account.

Explanation II.—In computing the period of fifty years referred to in clause (a) or the period of thirty years referred to in clause (c), the period during which the predecessor-in-interest or predecessors-in-interest of the mortgagee or lessee was or were holding the property shall also be taken into account.

Explanation III.—For the purposes of clause (b)—

(i) "mortgagee" or "lessee" shall include a predecessor-in-interest of the mortgagee or lessee, as the case may be;

(ii) "building" includes a hut.

Explanation IV.—In computing the period of twenty years referred to in clause (b), occupation of the building by any member of the family of the mortgagee or lessee for residential purpose shall be deemed to be occupation by the mortgagee or lessee, as the case may be, for such purpose.

Explanation V.—In calculating the extent of land held by a family for the purposes of clause (b), all the lands held individually by the members of the family or jointly by some or all of the members of such family shall be deemed to be held by the family.

Explanation VI.—For the purposes of sub-clause (ii) of clause (c),—

(i) improvements made by the mortgagee shall be deemed to be improvements made by the lessee;

(ii) "mortgagee" or "lessee" shall include a predecessor-in-interest of the mortgagee or lessee, as the case may be.

Explanation VII.—For the purposes of clause (c),—

(i) improvements shall be deemed to be substantial improvements if the value thereof on the date of commencement of the Kerala Land Reforms (Amendment) Act, 1969, is not less than twenty-five per cent of the market value of the land on that date;

(ii) a land shall be deemed to be waste land not withstanding the existence of scattered trees thereon.

(2) Nothing contained in sub-section (1) shall apply to a lessee if the lease was granted on or after the commencement of this Act.".

LIBRARY ARCHIVES Kerala Legislative Assembly

Shri Pandalam P. R. Madhavan Pillai: Sir, I move:

(39) In clause 5 (in section 4A, proposed to be substituted in sub-clause (1) in (a), delete the words "fifty years" and insert the words "thirty-five years".

(40) In clause 5 (in section 4A proposed to be substituted in sub-clause (1) (b) proviso), delete the words "exceeding two acres in extent".

(41) In clause 5 (in section 4A proposed to be substituted in sub-clause (1), add the following sub-clause as (d):

"(d) the mortgagee was holding the land comprised in the mortgage for a period of not less than twelve years, paying michavaram or customary dues, or with a liability to renew the mortgage after a specified period or paying renewal fee".

(42) In clause 5 (in section 4A proposed to be substituted in sub-clause (1) in Explanation (1), delete the words "fifty years" and insert the words "thirty five years".

(43) In clause 5 (in section 4A proposed to be substituted in sub-clause (1) in Explanation VI), delete the words "twenty-five per cent" and insert the words "fifteen per cent".

Shri P. K. Gopalakrishnan: Sir, I move:

(72) In clause 5 (in sub-section (1) of section 4A proposed to be substituted), add the following sub-clause as (d):

"or (d) the mortgagee or his successor-in-interest was holding the land comprised in the mortgage for a period of not less than twelve years, paying michavaram or customary dues or rent or with liability to renew the mortgage after a specified period or paying renewal fee".

Shri R. Krishnan (Alathur): Sir, I move:

(207) In clause 5 (in (a) of sub-section (1) of section 4A proposed to be substituted) delete the words 'fifty years' and insert the words 'thirty years'.

(208) In clause 5 (in sub-section (1) of section 4A proposed to be substituted) delete the proviso.

(209) In clause 5 (in (c) of sub-section (1) of section 4A proposed to be substituted) delete (ii).

Shri M. M. Thomas: Sir, I move:

(210) Delete clause 5 and substitute the following:

"5. *Substitution of new section for section 4A.*—For section 4A of the Principal Act, the following section shall be substituted namely:

"4A. *Certain mortgagees to be deemed tenants.*—(1) Notwithstanding anything to the contrary contained in any law or in any contract,

LIBRARY ARCHIVES Kerala Legislative Assembly

custom or usage or in any judgment, decree or order of court, a mortgagee with possession of land shall be deemed to be a tenant if—

(a) if the property comprised in the mortgage consists of agricultural land;

(b) one is in possession of the mortgage property as a mortgagee, sub-mortgagee or as a lessee and mortgagee together continuously for a period of thirty years prior to the commencement of the Kerala Land Reforms (Amendment) Act, 1969;

(c) the document evidencing the mortgage contains a provision authorising the mortgagee or the lease as the case may be to make improvements, and he has effected improvements.

Explanation I.—In computing the period of thirty years under sub-clause (b) the period during which the predecessor-in-interest or predecessors-in-interest of the mortgagee or lessee as the case may be was or were holding the property shall be taken into account.

Explanation II .—For the purpose of sub-clause (b) of this section if the mortgaged is nilam, it will be sufficient if the mortgage deed authorise the mortgagee to cultivate the land.''

Shri K. P. Raghava Poduval: Sir, I move:

(264) In clause 5, (in section 4A (1) of the Principal Act proposed to be substituted), item (a), for the words 'fifty years', substitute the words 'twenty-five years'.

(265) In clause 5, (in section 4A (1) (b) of the Principal Act, proposed to be substituted), in the proviso, after the words 'exceeding two acres in extent', the words 'or a building' shall be inserted.

(266) In clause 5, (in section 4A (1) of the Principal Act proposed to be substituted), Explanation I, for the words 'fifty years', substituted the words 'twenty-five years'.

Shri K. A. Sivaramabharathy: Sir, I move:

(235) In clause 5, (in section 4A (1) of the Principal Act proposed to be substituted), item (c) (ii) shall be deleted.

(236) In clause 5, (in section 4A (1) of the Principal Act proposed to be substituted) the proviso to (b) shall be deleted.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: സർ, 50 വർഷം പൂർത്തിയായി കൈവശം വച്ചിരിക്കുന്ന ഒറിക്കാരനെ പിന്നെ ഒരു കുടിയാനായി അംഗീകരിക്കണമെന്നാണു ഇതിൽ പറയുന്നത്. ലിമിറേഷൻ ആക്ട് അനുസരിച്ച് 30 വർഷം തുടർച്ചയായിട്ട് ഇരിക്കുന്ന ഒറിക്കാരനുപോലും ഉടമാവകാശം കിട്ടത്തക്കവിധത്തിലുള്ള സൗകര്യമാണ് ചെയ്തിരിക്കുന്നത്. 50 വർഷം തുടർച്ചയായി കൈവശമിരിക്കുന്ന ഒറിക്കാരൻ ടെനൻറാകും എന്ന വ്യവസ്ഥയാണിതിലുള്ളത്. അതിന്റെ പീരിയഡ് ഒന്നു ചുരുക്കി 35 വർഷം എന്നാക്കണം. അതാണ് എന്റെ ഒരു ഭേദഗതികൊണ്ടാവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള]

രണ്ടാമത്തേത് ഇരുപതു വർഷം ഒറിയായിട്ടുള്ള വസ്തുവിൽ, ഇരുപതുവർഷം വീടു വച്ചു താമസിക്കുന്ന ഒരാൾക്കു ടെനൻസി നൽകണമെന്നാണ്. എന്നാൽ രണ്ടേക്കർ വസ്തു വേറെ ഉണ്ടെങ്കിലും അങ്ങനെ അംഗീകരിക്കണമെന്നു പറയുന്നതു ശരിയല്ല. അതുകൊണ്ട് 'രണ്ടേക്കർ വസ്തു വേറെ ഉണ്ടെങ്കിലും' എന്ന ഭാഗം എടുത്തു കളയണം എന്നതാണ് ഒരു ഭേദഗതിയിൽ ആവശ്യപ്പെടുന്നത്.

സർ, പിന്നീട് കുടിയായ്മയുടെ സ്വഭാവത്തിലുള്ള ഒറിക്കാർക്കു സംരക്ഷണം കൊടുക്കണമെന്നു ആവശ്യപ്പെട്ടിരിക്കുകയാണ്. അതായത്, മിച്ചവാരമോ അല്ലെങ്കിൽ പൊളിച്ചെഴുത്തോ, ആണ്ടുകാഴ്ചകളോ, കസ്റ്റംറമറി ഡ്യൂസോ കൊടുത്തുകൊണ്ട് 12 വർഷം ഒരാൾ കൈവശപ്പണയക്കാരനായി വസ്തു അനുഭവിക്കുകയാണെങ്കിൽ അയാളെ കുടിയാനായി അംഗീകരിക്കണമെന്നു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കാണത്തിന്റെ ഡഫനിഷൻ കൊണ്ടു അവർക്കു സംരക്ഷണം നൽകാൻ കഴിയുമെന്ന്. പക്ഷേ, കൊച്ചി പ്രദേശത്തും, മലബാറിന്റെ തെക്കുഭാഗത്തും ഒക്കെ കൈവശപ്പണയക്കാർ ഇപ്പോഴും ധാരാളമുള്ളതിനാൽ അവർക്കു സംരക്ഷണം കിട്ടുന്നില്ലെന്നുള്ള പരാതി ആയിരക്കണക്കിന് ആളുകൾ പറയുന്നുണ്ട്. കാണത്തിന്റെ ഡഫനിഷൻ മൂലം അവർക്കു സംരക്ഷണം നൽകാൻ കഴിയുമെന്നാണ് റവന്യൂ മന്ത്രി ഉറപ്പിച്ചു പറയുന്നതെങ്കിൽ ഇതു സ്വീകരിക്കണമെന്നു എനിക്കു നിർബ്ബന്ധമില്ല. അവർക്കു സംരക്ഷണം കിട്ടണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കാണത്തിന്റെ ഡഫനിഷൻ കൊണ്ട് അവർക്കു സംരക്ഷണം കിട്ടാൻ കഴിയുമെന്നു നിയമോപദേശം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ മന്ത്രിക്കു ഉറപ്പുണ്ടെന്നുമാത്രമാണ് കഴിഞ്ഞ ദിവസം വാശിയോടുകൂടി മന്ത്രി മറുപടി പറഞ്ഞത്. എന്നാൽ അതുകൊണ്ട് അവർക്കു സംരക്ഷണം നൽകാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്. തീർച്ചയായിട്ടും 12 വർഷത്തെ കൈവശപണയം വച്ചിട്ടുള്ള കുടിയായ്മ സ്വഭാവമുള്ള കൈവശപ്പണയക്കാർക്കു സംരക്ഷണം കിട്ടണമെന്നുള്ളതാണ് വാസ്തവത്തിൽ ആവശ്യം. 'അധികസ്യ അധികം ഫലം' എന്ന നിലയിൽ ഇതു അംഗീകരിച്ചാൽ കൊള്ളാം.

ഡെപ്യൂട്ടി സ്പീക്കർ: 'അധികമായാൽ അമൃതും വിഷ'മാണെന്നു മുണ്ട്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: സർ, ശ്രീ. പന്തളം പി. ആർ. അവസാനം പറഞ്ഞ കാര്യങ്ങൾ വിശദമാക്കാൻ വേണ്ടിയാണ് എന്റെ ഭേദഗതി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഒന്നുരണ്ടു വാക്കുകൾ കൊണ്ട് അതു വ്യക്തമാക്കാം.

കാണത്തിന്റെ ഡഫനിഷനിൽ പെടാത്ത കൈവശപ്പണയക്കാർ ധാരാളം നിലവിലുള്ള ഒരു പ്രദേശത്തുനിന്നുവരുന്ന ഒരാളാണു ഞാൻ. അതായത് തെക്കേ മലബാറിൽ പ്രത്യേകിച്ച് നാട്ടിക പ്രദേശങ്ങളിൽ കാണത്തിന്റെ ഡഫനിഷനിൽ പെടാതെയും അതേ സമയത്തു തന്നെ കൈവശപ്പണയം എന്ന പേരോടുകൂടിയും കുടിയായ്മ സമ്പ്രദായം ധാരാളമായി ഞങ്ങളുടെ നാട്ടിൽ നിലവിലുണ്ട്. അതിന്റെ ചരിത്രം എല്ലാ മെമ്പറന്മാർക്കും അറിയാമെന്നു വിചാരിക്കുന്നു. 1929-ലെ മലബാർ ടെനൻസി ആക്റ്റു പാസ്സായതോടുകൂടി അവിടത്തെ ജന്മിമാർ പാട്ടരേഖകളും ടെനൻസികളും എല്ലാംതന്നെ പിന്നീട് ടെനൻസി എന്ന പേരോടുകൂടിയാണ് എല്ലാ കുടിയാന്മാരേയും ഉൾപ്പെടുത്തിയിട്ടുള്ളത്. മിക്കവാറും എല്ലാ രേഖകളും കൈവശപ്പണയം എന്ന പേരിലാണ് കൊടുത്തിട്ടുള്ളത്. ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്ത് 90 ശതമാനം കുടിയായ്മയും കൈവശപ്പണയരേഖകളോടു കൂടി കൊടുത്തിട്ടുള്ളതാണ്. ജന്മിമാർ അങ്ങനെ മാറി എഴുതിയിട്ടുണ്ടെന്ന വസ്തുത ഈ ബില്ലിൽത്തന്നെ ക്ലാസ്സ് 7 ഇതാണ്.

'6A. Certain persons who were holding land on or after 1st December, 1930, to be deemed tenants'.

അതിൽ രണ്ടുമൂന്നുകാര്യങ്ങളും എടുത്തു പറയുന്നുണ്ട്. അഗ്രികൾച്ചറൽ ലാൻഡ് ആയിരിക്കുക; 1930 ഡിസംബറിനുശേഷം അയാളുടെ കൈവശം ഉണ്ടായിരിക്കുക;

(c) the tenancy was terminated after the 1st day of December, 1930 and before the commencement of this Act, but his predecessor-in-interest or himself continued in possession of the property, without interruption, whether as a mortgagee with possession or otherwise, from the date of such termination till the commencement of this Act.'

ഇതിനു മുൻപുണ്ടായിരുന്ന ടെനൻസി രേഖകളും എല്ലാംതന്നെ ടെർമിനേറ്റു ചെയ്തു, മോർട്ടുഗേജി പൊസസർ എന്ന പേരോടുകൂടി ടെനൻറിന്റെ സംരക്ഷണം കൊടുക്കുക എന്നുദ്ദേശിച്ചാണ് ഇപ്പോഴത്തെ ക്ലാസ്സ് 7 ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതു മുൻപ് ടെനൻസിയുടെ പേരിൽ കൈവശം വച്ചിരുന്നവർക്കും, പിന്നീട് കൈവശപ്പണയം മാറിയെഴുതിയ രേഖകളും ഉള്ളവർക്കും മാത്രമേ ബാധകമാവുകയുള്ളൂ. വാസ്തവത്തിൽ 1930-ൽ പുതുതായി ടെനൻസി ഏല്പിച്ചിട്ടുള്ള ആളുകൾക്കു മാത്രമേ കൈവശപ്പണയരേഖ എന്ന നിലയിൽ കൊടുത്തിട്ടുള്ളൂ. മുൻപു ടെനൻസി ഉണ്ടായിരുന്ന കൃഷിക്കാർക്കു അതു ടെർമിനേറ്റു ചെയ്തതു തെളിയിക്കാൻ സാധിക്കാതെ വരും. 1930-ൽ പുതുതായി ഭൂമി ടെനൻറിനെ ഏല്പിക്കുകയാണ്. കൈവശപ്പണയ രേഖയും ഏല്പിച്ചിട്ടുണ്ട്. ആ രേഖയെ സംബന്ധിച്ചിടത്തോളം സെക്ഷൻ 6 (എ) യുടെ സംരക്ഷണം കിട്ടുകയില്ല. സെക്ഷൻ 6 (എ) പ്രകാരം മുൻപു ടെനൻസി ഉണ്ടായിരുന്നത് ടെർമിനേറ്റുചെയ്തു കൈവശപ്പണയമാക്കിയാലേ എന്തെങ്കിലും സംരക്ഷണം കിട്ടുകയുള്ളൂ. പുതുതായി കൊടുത്തിട്ടുള്ള രേഖയെ സംബന്ധിച്ചിടത്തോളം അതു കാണത്തിന്റെ ഡഫനിഷനിൽ വരുമോ എന്നു പരിശോധിക്കണം. കാണത്തിന്റെ ഡഫനിഷനിൽ ഒന്നുരണ്ടു ഘടകങ്ങളും ഉണ്ടായിരിക്കണമെന്നു പറയുന്നുണ്ട്.

'a right in the transferee to hold the said property liable for the consideration paid by him or due to him'

തീർച്ചയായിട്ടും കൈവശപണയം എന്ന പേരിൽ കൊടുക്കുന്ന രേഖകളും മറ്റുവിധത്തിൽ തെളിയിക്കാൻ കഴിയും. മുൻപാട്ടമെന്നനിലയിൽ കുറെ സംഖ്യ ജന്മിമാർ വാങ്ങുന്ന സംപ്രദായം ഞങ്ങളുടെ നാട്ടിലുണ്ട്. മുൻപാട്ടം വാങ്ങുന്ന സംഖ്യ പണയം എന്നനിലയ്ക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ആ ഘടകം തെളിയിക്കാൻ 2 (എ) യിൽ പറയുന്നുണ്ട്.

'the liability of the transferor to pay the transferee interest on such consideration unless otherwise agreed to by the parties'.

പലിശ കൊടുക്കുക എന്നതു ഇതിൽ പല രേഖകളിലും കണ്ടില്ലെന്നുവരും. പലിശ കൊടുക്കുക എന്നതു എടുത്തു കളയണമെന്ന് ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഒരു ഭേദഗതിയിൽ ആവശ്യപ്പെട്ടിരുന്നു. അതു അംഗീകരിക്കുകയുണ്ടായില്ല. പക്ഷേ കാണത്തെ സംബന്ധിച്ചിടത്തോളം തീർച്ചയായിട്ടും അതു എടുത്തുകളഞ്ഞാൽ തന്നെയും സംരക്ഷണം കിട്ടും. [illegible] അതു കൊടുക്കുന്നത്. വെറും പാട്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ]

ക്കുടിയാനാണ് പണയരേഖ എഴുതിക്കുന്നത്. റിന്യൂവൽ, മിച്ചവാരം കസ്റ്റമറിഡ്യൂസ് ഇങ്ങനെ ഏതെങ്കിലും ഒന്നുണ്ടെങ്കിൽ അതാണ് ടെസ്റ്റ്. ടെനൻസിയുടെ പ്രധാനഘടകം എൻജോയ്മെൻറാണ്. ടെനൻറിന്റെ ഡഫനിഷനിൽ തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഡാക്കുമെൻറിൽ 'എൻജോയ്മെൻറ്' എന്നെഴുതി വയ്ക്കണമെന്നില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: വാരമോ, മിച്ചവാരമോ റിന്യൂവലോ ഏതെങ്കിലും ഒന്നുണ്ടെങ്കിൽ യഥാർത്ഥ ടെനൻറായി അംഗീകരിക്കണമെന്നാണ് എന്റെ ഭേദഗതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്

'renewal, michavaram or customary dues or interest'

ഈ ഘടകങ്ങളും ഉണ്ടെങ്കിൽ, പലിശ എന്ന ഒറ്റ ഘടകം ഇല്ലെങ്കിലും ടെനൻറിനുള്ള അവകാശം നഷ്ടപ്പെടാതിരിക്കണം. കൈവശരേഖ പാട്ടത്തിനു കൊടുക്കുന്ന രേഖയാണ്. അവർക്കുകൂടി സംരക്ഷണം കിട്ടണമെങ്കിൽ ഈ ഭേദഗതി സ്വീകരിക്കണം.

11 a.m.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ശ്രീ. ഗോപാലകൃഷ്ണൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയാണ് ശ്രീ. പന്തളം പി. ആർ. അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയേക്കാൾ വിശദമായിട്ടുള്ളത്—അതായത് " or (d) the mortgagee or his successor-in-interest was holding the land comprised in the mortgage for a period of not less than twelve years, paying michavaram or customary dues or rent or with liability to renew the mortgage after a specified period or paying renewal fee.

ഞങ്ങളുടെ നാട്ടിൽ ഒന്നുരണ്ടു കരകംതന്നെ ജൻമികളുടേതായിട്ടുണ്ട്. അവിടെ ഇത്തരത്തിലുള്ള ഡോക്കുമെൻറ് ഉണ്ടാക്കിയിട്ടുണ്ട്. പൊളിച്ചെഴുത്തെന്നു പറഞ്ഞിട്ടുണ്ട്, മിച്ചവാരമെന്നു പറഞ്ഞിട്ടുണ്ട്, കസ്റ്റമറിഡ്യൂസ് എന്നു പറഞ്ഞിട്ടുണ്ട്. ഇതിലെല്ലാം കാണത്തിന്റെ ഇൻഗ്രീഡിയൻറ്സ് ഇല്ലെന്നു പറഞ്ഞിട്ടു്, മോർട്ടുഗേജാണ്, ടെനൻസിയാകുന്നില്ല എന്നു പറഞ്ഞു വ്യാഖ്യാനിക്കുന്നുണ്ട്. എനിക്കുതന്നെ അനുഭവം ഉണ്ടായ ഒരു സംഗതിയാണ്. വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് അദ്ദേഹത്തിന്റെ ഭൂമി പൊളിച്ചെഴുത്താണെന്നും, അതുകൊണ്ട് ഒറ്റി സ്വഭാവമുള്ളതാണെന്നും പറഞ്ഞ കേസ്സുണ്ടായിട്ടുണ്ട്. അകവൂർമനയിലെ വകയാണ്. ആ കേസ്സിൽ കാണത്തിന്റെ നിർവചനം വന്നപ്പോൾ ഈ പറഞ്ഞ കാര്യങ്ങളും ഉള്ളതുകൊണ്ടു പോകുകയുണ്ടായി. പക്ഷേ കഷ്ടപ്പാടുകൊണ്ടു ചില അത്യാവശ്യകാര്യങ്ങൾക്കായി പെണ്ണുകെട്ടു നടത്താൻ ഒരാൾ ആയിരം രൂപയ്ക്കു കൊടുക്കുകയാണെങ്കിൽ അങ്ങനെയുള്ളവരെ രക്ഷിക്കണം. സാധാരണ ഒറ്റിയിൽ പൊളിച്ചെഴുത്ത്, മിച്ചവാരം, കസ്റ്റമറിഡ്യൂസ് ഇതൊന്നും വരികയില്ല. ഇപ്പോൾ ആയിരം രൂപ കടം വാങ്ങിച്ചാൽ പൊസസറി മോർട്ട്ഗേജ് ആണെന്നു എങ്ങനെ പറയുവാൻകഴിയും? പൊളിച്ചെഴുത്തുള്ളത് ഒറ്റിയാകുന്നില്ല. അതുകൊണ്ടു കുടിയായ്മ സ്വഭാവമുള്ള എല്ലാ ഒറ്റികളേയും ഒഴിവാക്കണം. അതുപോലെതന്നെ ഇതിലെ റെസ്ട്രിക്ഷനും ആവശ്യമില്ല. രക്ഷപെടാൻ സാധിക്കുമോ എന്ന് എല്ലാവരും സാധാരണ ഗതിയിൽ നോക്കും. ഉദാഹരണമായി 10–12 കൊല്ലമായി ഇപ്പോൾ ആരും യാതൊരു കാരണവശാലും ആരേയും ഭൂമി എൽപിക്കാറില്ല. അതുകൊണ്ട് ആവശ്യമായ മാറ്റം വരുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

Deputy Speaker : Shri R. Krishnan (Alathur) can speak on his amendments viz. 207, 208 and 209.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : സർ, എന്റെ ആദ്യത്തെ ഭേദഗതി ക്ലാസ് 5–ൽ 50 കൊല്ലം എന്നുള്ളതു മാറ്റി മുപ്പതുകൊല്ലം ആക്കണമെന്നുള്ളതാണ്. 1929–ലെ മലബാർ കുടിയായ്മ നിയമം വന്നപ്പോൾ തുടങ്ങിയതാണ് നമ്മുടെ നാട്ടിലെ ജൻമികൾ കുടിയാൻ നിയമത്തിൽ നിന്നും രക്ഷപെടാൻവേണ്ടി പല രൂപത്തിലുമുള്ള രേഖ നിർമ്മിക്കുക എന്നുള്ളത്. അതിൽ ഒന്നാണ് കരിപ്പണയം എന്ന പേരിൽ അറിയപ്പെടുന്ന രേഖയിൽ കാണുന്ന ചില കുടിയായ്മകൾ. നൂറു പറ പാട്ടം കിട്ടുന്ന ഒരു നിലം ഒരു നൂറു രൂപ വാങ്ങിച്ചു കരിപ്പണയം എന്ന പേരിൽ ആധാരം രജിസ്റ്റർ ചെയ്യും. ഇങ്ങനെയുള്ള ധാരാളം കേസ്സുകൾ 1964–ൽ മലബാർ കുടിയായ്മ വന്നതിനുശേഷം മലബാറിൽ ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ളവർക്കു രക്ഷ കിട്ടണമെങ്കിൽ 50 കൊല്ലം എന്നതു മാറണം. 1929–ൽ ഈ നിയമം വന്നിട്ടുള്ളതിനാൽ ഏതാണ്ടു മുപ്പതു കൊല്ലം എന്നാക്കിയില്ലെങ്കിൽ കുറെയേറെ യഥാർത്ഥ കുടിയായ്മക്കു ദോഷം വരും. അതാണ് എന്റെ ആദ്യത്തെ ഭേദഗതി.

രണ്ടാമത്തെ ഭേദഗതി ക്ലാസ് 5–ൽ സബ് സെക്ഷൻ (1)–ൽ ഉള്ള പ്രൊവൈസോ ഡിലീറ്റു ചെയ്യണമെന്നാണ്.

''എന്നാൽ ഈ ഖണ്ഡത്തിനു കീഴിൽ വരുന്ന പണയക്കാരൻ അയാളോ അയാളും ഒരു കുടുംബത്തിലെ അംഗമാണെങ്കിൽ അങ്ങിനെയുള്ള കുടുംബമോ 1969–ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിയിൽ രണ്ടേക്കറിൽ കവിയുന്ന മറേതെങ്കിലും ഭൂമി കൈവശം വെച്ചുകൊണ്ടിരിക്കുകയായിരുന്നുവെങ്കിൽ, കുടിയാനായി കരുതപ്പെടാൻ പാടില്ലാത്തതാകുന്നു,'' എന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്. ഞങ്ങളുടെ ഭാഗത്തു രണ്ടോ മൂന്നോ ഏക്കർ ഭൂമി എന്നു പറഞ്ഞാൽ അവർ കർഷകരാണെന്നുപോലും പറയുകയില്ല. നെൽക്കൃഷി പ്രധാനമായിട്ടുള്ള ഞങ്ങളുടെ സ്ഥലത്തു രണ്ടേക്കർ ഭൂമിയുണ്ടെന്നു പറഞ്ഞാൽ യാതൊന്നുമാകുകയില്ല. ഒരു ജോടി കാളയെ നിറുത്തുവാൻപോലും അവരെക്കൊണ്ടു കഴിയുകയില്ല. ഇത്തരത്തിലുള്ളവർക്കു ദൂഷ്യം വരുത്തുമെന്നുള്ളതുകൊണ്ടു ആ പ്രൊവൈസോ അവിടെ ആവശ്യമില്ല.

എന്റെ മൂന്നാമത്തെ ഭേദഗതി ക്ലാസ് 5–ലെ സബ് സെക്ഷൻ 1–ലെ (സി) 2 എടുത്തുകളയുന്നതിനുള്ളതാണ്. ആക്ടു നടപ്പിൽ വരുന്നതിനു മുമ്പ് പണയക്കാരൻ ഭൂമിയിൽ സാരവത്തായ ദേഹണ്ഡങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ആനുകൂല്യം ഇതുപ്രകാരം ലഭിക്കുകയുള്ളു. പാലക്കാടു ജില്ലയിൽ വയലുകളാണ് അധികവും. പറമ്പിൽ സാരവത്തായ ദേഹണ്ഡങ്ങൾ ചെയ്യാൻ സാധിക്കും. എന്നാൽ നിലത്തിൽ അങ്ങനെ ചെയ്യാൻ സാധിക്കുകയില്ല. നിലത്തെ സംബന്ധിച്ച് ഈ ആനുകൂല്യം കിട്ടണമെന്നുള്ളതിനാണ് എന്റെ ഭേദഗതി. എന്റെ ഭേദഗതികൾ സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. ടി. കുഞ്ഞൻ : സർ, ഞാൻ ശ്രീ. ആർ. കൃഷ്ണന്റെ ഭേദഗതിയെ അനുകൂലിക്കുകയാണ്. മലബാറിൽ അഞ്ചു രൂപ പാട്ടം കാണിച്ചു പണയാധാരം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ 50 പറ പാട്ടം പുറപ്പാട് അങ്ങോട്ടു കൊടുക്കണം. അങ്ങനെയുള്ളതെല്ലാം കരിപ്പണയമാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കുഞ്ഞൻ]

പറഞ്ഞു ഒഴിപ്പിക്കുന്നതിനുള്ള റിക്കാർഡുകളും ധാരാളം ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടു ഇതിനെ പണയമായി കാണരുതെന്നും പാട്ടമായി കരുതണമെന്നും യാതൊരു കാരണവശാലും ഇവ ഒഴിപ്പിക്കുവാൻ തരപ്പെടരുതെന്നുമാണ് എനിക്കു പറയുവാനുള്ളത്.

(Shri E. Chandrasekharan Nair in the chair).

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : സർ, ഞാൻ എന്റെ ഭേദഗതികളെക്കുറിച്ചു സംസാരിക്കുകയാണ്. എന്റെ ആദ്യത്തെ ഭേദഗതി ഈ ക്ലാസിൽ 'എ'യിൽ അമ്പതു കൊല്ലം എന്നു വച്ചിട്ടുള്ളതു 25 കൊല്ലമാക്കണമെന്നാണ്. ഇവിടെ ശ്രീ. ഗോപാലകൃഷ്ണൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെപ്പറ്റി ഗാഢമായി ആലോചിക്കേണ്ടതാണ്. ഈ മോർട്ടുഗേജിനെ സംബന്ധിച്ച്, അതിന്റെ ഫിക്സിറ്റിയെ സംബന്ധിച്ചിടത്തോളം, കേരളത്തിലെ രണ്ടു ഭാഗങ്ങളിലുള്ള കുടിയായ്മ രണ്ടു തരത്തിൽ അല്ലെങ്കിൽ വ്യത്യസ്ത രൂപത്തിൽ ആണെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് എത്രത്തോളം അതു ബാധിക്കുമെന്നുള്ള കാര്യം ചിന്തിക്കുന്നതു നന്നായിരിക്കും. ഇന്നു പാവപ്പെട്ട ആളുകളും ജൻമിയുടെ കൈവശപ്പണയം എന്നുള്ള നിലയിൽ പത്തുമുപ്പതു കൊല്ലക്കാലത്തേയ്ക്കു കൊടുത്തിട്ടുണ്ടാകും. ഇതു കൈവശം വച്ച് മറ്റുള്ളവർ ഉപയോഗിക്കുക എന്നും റെഡീം ചെയ്യാനുള്ള അവകാശം അവർക്കുണ്ടെന്നു തോന്നുകയാണെങ്കിൽ അതു രേഖയിൽ സ്പഷ്ടമാകുന്നുണ്ടെങ്കിൽ അതു തീർച്ചയായിട്ടും കൈവശപ്പണയം എന്നുള്ള നിലയിൽ മാത്രമേ കണക്കാക്കാൻ പാടുള്ളൂ. എത്ര കൊല്ലം കഴിഞ്ഞാലും അതു വേറൊരു രൂപത്തിൽ വരികയാണെങ്കിൽ മറ്റു വൈഷമ്യങ്ങൾക്കു കാരണമാകും. പാവപ്പെട്ട ജൻമിമാർക്കു സംരക്ഷണം നൽകണം. പത്തമ്പതുകൊല്ലക്കാലം കൈവശം വച്ചിരുന്ന കുടിയായ്മ സ്വഭാവമുള്ള പണയം തീർച്ചയായിട്ടും കുടിയായ്മയായി അംഗീകരിക്കുകയാണു നല്ലത്. അമ്പതുകൊല്ലം എന്നുള്ളതു കുറയ്ക്കണമെന്നായിരുന്നു എന്റെ ഭേദഗതി. എന്നാൽ ശ്രീ. ചന്ദ്രശേഖരൻ നായർ കരിപ്പണയം, മിച്ചവാരം, കസ്റ്റമറി ഡ്യൂസ് ഇതൊക്കെ കുടിയായ്മയായി അംഗീകരിക്കണം എന്നാണ് ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. അതുമാത്രം മതിയോ എന്നാണു സംശയം ? അതുകൊണ്ട് ഇവിടെ നടന്ന പ്രസംഗങ്ങളും കേട്ടപ്പോൾ 50 കൊല്ലം എന്നതു കുറയ്ക്കണമെന്ന അഭിപ്രായം എനിക്കില്ല. അതുകൊണ്ടു എന്റെ ആ ഭേദഗതി ഞാൻ മൂവു ചെയ്യുന്നില്ല.

ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതി ആദ്യം മൂവു ചെയ്തതാണ്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : അതു ഞാൻ പിൻവലിക്കുകയാണ്. ദൂരവ്യാപകമായ ഫലം ഉണ്ടാകുന്നതുകൊണ്ട് 50 കൊല്ലം എന്നതു കുറക്കേണ്ട എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

അതുപോലെതന്നെ ശ്രീ. ആർ. കൃഷ്ണൻ പറഞ്ഞ രൂപത്തിൽ മിച്ചവാരം കൊടുക്കുന്നുണ്ടെങ്കിൽ അതുംകൂടി കണക്കിലെടുക്കണം. അതായതു സ്ഥിരാവകാശം ഇല്ലെങ്കിൽ (4) എ പ്രകാരമുള്ള കുടിയായ്മ സ്വഭാവം കൊടുക്കണം.

സർ, അതുപോലെതന്നെ ഞാൻ ഇതിലെ 'ബി'യ്ക്കുള്ള പ്രൊവൈസോയിൽ ഒരു അമെൻറുമെൻറു മൂവ് ചെയ്തിട്ടുണ്ട്. അമെൻറുമെൻറിൽ പറയുന്നത്, 265. In clause 5, [in section 5A(1) (b) of the Principal Act proposed to be substituted], in the proviso, after the words 'exceeding two acres in extent', the words "or a building" shall be inserted,

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. അതിന്റെ പ്രൊവൈസോ ഞാൻ വായിക്കാം. Provided that a mortgagee falling under this clause shall not be deemed to be a tenant if he, or where he is a member of a family, such family was holding any other land exceeding two acres in extent on the date of publication of the Kerala Land Reforms (Amendment) Bill, 1968 in the Gazette; or..... സർ, രണ്ടേക്കർ കൈവശമില്ലെങ്കിലും ഒരു വീടുണ്ടെങ്കിൽ പാവപ്പെട്ട ഒരാളെ ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കരുതെന്നുള്ള അഭിപ്രായമാണ് എനിക്ക് ഉള്ളത്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട് : പുര വയ്ക്കാൻ കഴിയുന്നത് ഉംപ്പെടുത്താൻ പാടില്ലെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഒരാളുടെ കൈവശമിരിക്കുന്നത് നിലമാണെങ്കിൽ അയാൾക്ക് ഇതുകൊണ്ട് യാതൊരു ആനുകൂല്യവും കിട്ടുകയില്ലല്ലോ. അപ്പോൾ അതൊരു ഡിസ്ക്രിമിനേഷൻ ആകുകയില്ലേ ?

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : അൽപം വിവേചനം സ്വാഭാവികമായിട്ടുണ്ടാകും. എല്ലാം ഒരേപോലെ നിൽക്കുകയാണെങ്കിൽ നാം പറയുന്ന രീതിയിൽ സോഷ്യലിസമാണല്ലോ വേണ്ടത്. രണ്ടേക്കർ ഭൂമി കൈവശമുള്ള മോർട്ടുഗേജിയാണെങ്കിൽ അയാൾക്ക് സ്വന്തമായി വീടുണ്ടെങ്കിൽ അയാളെ കുടിയാന്റെ നിർവചനത്തിൽ പെടുത്താൻ പാടില്ലെന്നാണ് എനിക്കു പറയുവാനുള്ളത്.

എന്റെ അടുത്ത ഭേദഗതി ഇതാണ്. 266. In clause 5, [in section 4A (1) of the Principal Act proposed to be substituted], Explanation I, for the words 'fifty years', substituted the words "twenty-five years".

ക്ലാസ് 5, 4 എ (1) എക്സ്പ്ലനേഷനിൽ പറയുന്നത്: *Explanation I*—In computing the period of fifty years referred to in clause (a) or the period of thirty years referred to in clause (c), the period during which the predecessor-in-interest or predecessors-in-interest of the mortgagee was or were holding the property shall also be taken into account. എന്നാണ്. അൻപതു കൊല്ലത്തിൽ കുറയാതെ കൈവശം വച്ചിരിക്കുന്ന ഒരു പണയക്കാരന് കുടിയായ്മ അവകാശം കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയുള്ളവർക്ക് കുടിയായ്മ അവകാശം കൊടുക്കാൻ പാടില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. എന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് അൻപത് എന്നുള്ളതു മാറ്റിയിട്ട് ഇരുപത്തിയഞ്ച് കൊല്ലമാക്കണമെന്നാണ്. ഈ ബില്ലിൽ പറയുന്ന രീതിയിൽ പാസ്സാക്കരുതെന്നും അതിൽ ഭേദഗതി വരുത്തണമെന്നുമാണ് എനിക്ക് ഈ സന്ദർഭത്തിൽ സഭയുടെ മുമ്പിൽ വയ്ക്കാനുള്ളത്.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, ഞാൻ മൂവ് ചെയ്തിട്ടുള്ള ഭേദഗതിയിൽ പറയുന്നത്, 234. In clause 5, [in section 4A (1) (a) of the Principal Act, proposed to be substituted], delete the words 'fifty years' and substitute the words "thirty years". എന്നാണ്. എന്റെ ഭേദഗതി കൊണ്ട് പ്രധാനമായിട്ടും ഉദ്ദേശിക്കുന്നത് ക്ലാസ് 5, 4 എ (1) (എ) യിൽ 50 വർഷത്തിൽ കുറയാതെ എന്ന് വച്ചിരിക്കുന്നത് മാറ്റിയിട്ട് 30 വർഷത്തിൽ കുറയാതെ എന്നാക്കണമെന്നാണ്. ഇതിനെപ്പറ്റി ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. അതായത് കരിപ്പണയം തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ശിവരാമഭാരതി]

പണയങ്ങളും കൈവശം വച്ചിരിക്കുന്ന ആളുകൾക്ക് സാങ്കേതികമായ കാരണങ്ങൾകൊണ്ട് കുടിയാന്മാർ നഷ്ടപ്പെടുകയാണെങ്കിൽ അവർക്ക് കുറെയെങ്കിലും ആനുകൂല്യം ഉണ്ടാകണം, അവർക്ക് ഈ നിയമംകൊണ്ടുള്ള പരിരക്ഷ കൊടുക്കണമെന്നുള്ള നിലയിലാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അല്ലെങ്കിൽ ഇതിൽനിന്നും പലരും രക്ഷപ്പെടാൻ ഇടയുണ്ട്. ഞാൻ കൂടുതൽ കാര്യങ്ങൾ പറയണമെന്നു വിചാരിക്കുന്നില്ല. കാരണം അമെൻറുമെൻറുതന്നെ കാര്യങ്ങൾ വളരെ വ്യക്തമാക്കുന്നുണ്ട്. ഞാൻ അവതരിപ്പിച്ചിട്ടുള്ള അമെൻറുമെൻറു ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ ഭേദഗതികളെ സംബന്ധിച്ച് ശ്രീ. പന്തളം മാധവൻ പിള്ള സംസാരിച്ചപ്പോൾ ഞാൻ ഉറപ്പു പറയുകയാണെങ്കിൽ പ്രസ് ചെയ്യുന്നില്ലെന്നു പറയുകയുണ്ടായി. ക്ലോസ് 5 (4) എ കഴിഞ്ഞ പ്രാവശ്യം നിയമസഭയിലും സെലക്ടു കമ്മിറ്റിയിലും പുറത്തുമെല്ലാംതന്നെ വളരെ വിവാദപരമായ ഒന്നാണ്. ആ വകുപ്പ് ഡ്രാഫ്റ്റു ചെയ്തിരിക്കുന്നത് ജൻമിയും കുടിയാനും ആയിട്ടുള്ള ബന്ധങ്ങളും പാട്ടക്കാരനും കടക്കാരനും തമ്മിലുള്ള ബന്ധങ്ങളും ഇതു രണ്ടും നോക്കാതെയാണ്.

ശ്രീ. എം. എം. തോമസ് : സർ, ഞാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെപ്പറ്റി എനിക്കു വിശദീകരിക്കുവാനുണ്ട്.

സർ, ക്ലോസ് 5-ൽ 4A പുതിയതായി എഴുതിച്ചേർത്തിട്ടുള്ളതാണ്. അതുകൊണ്ട് പുതിയ ഒരു വിഭാഗം കുടിയാൻമാരെ സൃഷ്ടിക്കുകയാണ്. അതായത് അനേകം കൊല്ലങ്ങളായി പണയം എന്നുള്ള പേരിൽ മറെറാരാളിൻെറ വസ്തുവിൽ ദേഹണ്ഡംചെയ്ത് കല്ലുകയ്യാല വച്ച് അനുഭവിച്ചുപോരുന്ന ഒരു വിഭാഗത്തെ ഉദ്ദേശിച്ചാണ് ഈ പുതിയ ക്ലാസ് എഴുതി ചേർത്തിരിക്കുന്നത്. ഈ അമെൻറുമെൻറു ബില്ലിൽ ഇപ്പോൾ ചേർത്തിരിക്കുന്നതുപോലെതന്നെ ആ വകുപ്പ് ചേർത്താൽ പല കുഴപ്പങ്ങളും ഉണ്ടാകാനിടയുണ്ട്. ഒന്നാമതായി അത് വ്യക്തമാകാത്ത രീതിയിൽ ഡ്രാഫ്റ്റു ചെയ്തിരിക്കുന്ന ഒരു വകുപ്പാണ്. അതിനെക്കുറിച്ച് നിരവധി കേസ്സുകളുണ്ടാകാൻ ഇടയുണ്ട്. അതുകൊണ്ട് കൂടുതൽ കേസ്സുകൾ വരാതിരിക്കുന്നതിന് ആ വകുപ്പ് കുറച്ചുകൂടി വ്യക്തമാക്കണം. രണ്ടാമതായി ഈ വകുപ്പ് വായിച്ചാൽ, നാം ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത് കൃഷിഭൂമി കൃഷിക്കാർക്ക് കൊടുക്കണമെന്നുള്ളതാണ്, ആ ഉദ്ദേശം നടപ്പിലാക്കാൻ സാധിക്കാതെവരും.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : ഒരു സംശയം ചോദിക്കുകയാണ്. ഇതിൻെറ 'സി'യിൽ പറഞ്ഞിട്ടുള്ളത്, the document evidencing the mortgage contains a provision authorising the mortgagee or the lessee as the case may be to make improvements, and he has effected improvements എന്നല്ലേ ?

ശ്രീ. എം. എം. തോമസ് : ഞാൻ 'എ'യുടെ കാര്യമാണു പറയുന്നത്. കൃഷിഭൂമിയില്ലാത്തവർക്ക് ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കണമോ വേണ്ടയോ എന്നുള്ള കാര്യം പരിഗണിക്കണം. മൂന്നാമത്, ഇതിൽ Notwithstanding anything to the contrary contained in any law or in any contract custom or usage, or in any judgment, decree or order of court, a

LIBRARY ARCHIVES Kerala Legislative Assembly

mortgagee with possession of land, other than land principally planted with rubber, coffee, tea, or cardamom, shall be deemed to be a tenant if— എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ പറഞ്ഞിട്ടുള്ള റബ്ബർ, തേയില, കാപ്പി, ഏലം ഇവ കൃഷി ചെയ്തിട്ടുള്ളവർക്കാണെങ്കിൽ, അവർക്ക് ഈ വകുപ്പുകൊണ്ടുള്ള ബെനിഫിറ്റു കൊടുക്കാതിരിക്കണമെന്നാണ്. കാരണം അവർ കൂടുതൽ ആദായകരമായ കൃഷിചെയ്തുവെന്നുള്ളതാണ്. അവരുടെ ഭൂമിയിൽ കൂടുതൽ പിടിക്കുന്ന കൃഷി ചെയ്തുവെന്നുള്ള കാരണത്താൽ സ്ഥിരാവകാശം നഷ്ടപ്പെടുകയാണ്. മറ്റുള്ളവർക്ക് കൊടുക്കുന്ന അവകാശം ഇവർക്ക് കൊടുക്കാതിരിക്കുകയാണ്. ഇത് ഒരു തരത്തിൽ പറഞ്ഞാൽ ഭരണഘടനയിലെ 14-ാം വകുപ്പിന് വ്യക്തമായും എതിരായിട്ടുള്ള ഒരു വകുപ്പാണ്. കാരണം ഇതിൽ ഡിസ്ക്രിമിനേഷനുണ്ട്. ഭരണഘടനയുടെ 14-ാം വകുപ്പിന് എതിരാകാതിരിക്കണമെങ്കിൽ നാം നിയമം ഉണ്ടാക്കുന്നത് എന്ത് ഉദ്ദേശത്തിനാണോ അതനുസരിച്ചുള്ള ക്ലാസിഫിക്കേഷനായിരിക്കണം വേണ്ടത്. ഈ നിയമത്തിന്റെ ഉദ്ദേശം കർഷകർക്ക് കൃഷിഭൂമി കിട്ടണമെന്നുള്ളതാണ്. ആ അടിസ്ഥാനത്തിൽ വച്ചു നോക്കുമ്പോഴും റബ്ബർ കൃഷി ചെയ്യുന്നവനും, കാപ്പി കൃഷി ചെയ്യുന്നവനും, തേയില കൃഷി ചെയ്യുന്നവനും, ഏലം കൃഷി ചെയ്യുന്നവനുമെല്ലാം തന്നെ കൃഷിക്കാരനാണ്. അവനും മറ്റുള്ള കൃഷിക്കാർക്ക് കൊടുക്കുന്നതുപോലെ ഭൂമിയിൽ സ്ഥിരാവകാശം കിട്ടുന്നതിനുള്ള അവകാശം ഉണ്ട്. യാതൊരു അടിസ്ഥാനവുമില്ലാതെ റബ്ബറും, തേയിലയും, കാപ്പിയും, ഏലവും കൃഷി ചെയ്യുന്നവർക്ക് കൃഷിഭൂമിയിൽ സ്ഥിരാവകാശം കൊടുക്കാതെ അവന്റെ കൃഷിയെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. മാത്രമല്ല ഈ വകുപ്പ് ഭരണഘടനയുടെ 14-ാം വകുപ്പിന് തികച്ചും എതിരായിട്ടുള്ളതാണ്.

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള : പ്ലാന്റേഷനുകളെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. അതും ഡിസ്ക്രിമിനേഷനല്ലേ ? അതും ഭരണഘടനയുടെ 14-ാം വകുപ്പിന് എതിരായിട്ടുള്ളതല്ലേ ?

ശ്രീ. എം. എം. തോമസ് : അത് ഇതിന്റെ കൂട്ടത്തിൽ വരുന്നതല്ലല്ലോ. അത് വേറൊരു ക്ലോസായിട്ടു വരുന്നതല്ലേ ? ഈ ലെജിസ്ലേഷന്റെ ഉദ്ദേശം കൃഷിക്കാരന് കൃഷിഭൂമി കൊടുക്കണമെന്നുള്ളതാണ്. അല്ലാതെ കൃഷിഭൂമിയിൽ എന്ത് കൃഷിചെയ്തുവെന്നുള്ളതു നോക്കിയല്ല. റബ്ബറും, തേയിലയും, കാപ്പിയും ഏലവും കൃഷി ചെയ്തതുകൊണ്ട് ഭൂമയിൽ സ്ഥിരാവകാശം കൊടുക്കുകയില്ലെന്നും മറ്റുള്ള കൃഷിക്കാർക്ക് കൊടുക്കുമെന്നും പറയുന്നത് ഡിസ്ക്രിമിനേഷൻ ആണ്. അതിനെപ്പറ്റി ഭരണഘടനയിൽ പറയുന്നത്:

In order, however, to pass the test of permissible classification two conditions must be fulfilled, namely (1) that the classification must be founded on an intelligible differentia which distinguishes persons or things that are grouped together from others left out of the group and (ii) that the differentia must have a rational relation to the object sought to be achieved by the statute in question. The classification may be founded on different basis; such as geographical, or according to objects or occupation or the like. What is necessary is that there must be a nexus between the basis of classification and the object of the Act under consideration.

What is the object of the Act here ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എം. തോമസ്]

ഇതാണ് പ്രശ്നം. യഥാർത്ഥ കൃഷിക്കാരന് കൃഷിഭൂമി കൊടുക്കണമെന്നുള്ളതാണ് നിയമത്തിന്റെ ഉദ്ദേശം. ഈ അമെൻറുമെൻറു ബില്ലിൽ എഴുതിച്ചേർത്തിരിക്കുന്ന ഈ വകുപ്പ് ഭരണഘടനയ്ക്ക് എതിരായിട്ടുള്ളതാണെന്നാണ് ഞാൻ പറയുന്നത്. അതിൽ മാറ്റം വരുത്തേണ്ടതാവശ്യമാണ്.

പിന്നൊന്ന് എനിക്കു പറയുവാനുള്ളത് അൻപത് കൊല്ലത്തിൽ കുറയാത്ത കാലത്തേക്ക് ഒരാളിന്റെ കൈവശമിരിക്കുന്ന പണയവസ്തുവിന് സ്ഥിരാവകാശം കൊടുക്കുന്നതിനെപ്പറ്റിയാണ്. ഇതിൽ 50 കൊല്ലം എന്നു വെച്ചിട്ടുള്ളത് 30 കൊല്ലമാക്കി കുറയ്ക്കണമെന്ന് പല ബഹുമാന പ്പെട്ട മെമ്പറൻമാരും ഇവിടെ പറയുകയുണ്ടായി. എന്റെ അഭിപ്രായവും 50 എന്നുള്ളത് മാറ്റിയിട്ട് 30 ആക്കണമെന്നാണ്. ഇവിടെ ചിലർ പറയുന്നതുകൊട്ടു കല്യാണ ആവശ്യത്തിനും മറ്റും പണയപ്പെടുത്തിയ വസ്തുവിനെ ഇങ്ങനെ നഷ്ടപ്പെടുത്തുന്നത് ശരിയല്ലെന്ന്. ഞാൻ ചോദിക്കുകയാണ് പതിനാറു വയസ്സായ ഒരു പെൺകുട്ടിയെ കെട്ടിക്കുന്നതിനു വേണ്ടി വസ്തു പണയപ്പെടുത്തി അയ്യായിരം രൂപ വാങ്ങിക്കുന്നു. ആ പെൺകുട്ടിയെ കെട്ടിച്ചു പതിനാറു കൊല്ലം കഴിയുമ്പോഴേ അതിന്റെ പതിനാറു വയസ്സായ മകളെ കെട്ടിക്കുന്നു. അപ്പോഴേ 32 കൊല്ലമാകുന്നു. അതുകഴിഞ്ഞ് അതിന്റെ പതിനാറു വയസ്സായ മകളെ കെട്ടിക്കുന്നു. അപ്പോഴേ 48 കൊല്ലമാകുന്നു. ആ പെൺകുട്ടിയുടെ കുട്ടിക്ക് രണ്ടു വയസ്സാകുകയും ചെയ്യുമ്പോഴാണ് 50 കൊല്ലമാകുന്നത്. ആദ്യം കെട്ടിച്ച പെൺകുട്ടി മുത്തമ്മയായിട്ടും പണയം വാങ്ങിച്ച കാശ് തിരിച്ചു കൊടുക്കേണ്ടേ? പണയം വാങ്ങിച്ച ആളും ആ വസ്തു ഇത്രയും കൊല്ലമാകുമ്പോഴേ തിരിച്ചെടുക്കുകയില്ലെന്നു വിചാരിച്ച് കല്ലുകയ്യാല മുതലായവ വെച്ച് ദേഹണ്ഡങ്ങളും വെച്ച് അനുഭവിച്ചുവരികയായിരിക്കും. ഈ പണയക്കാർ പാട്ടക്കാരെക്കാളേ കൂടുതലായിട്ട് എന്ത് ദ്രോഹമാണ് ചെയ്തത്? പാട്ടക്കാർ അപ്പോഴപ്പോഴായിട്ടു പണം കൊടുക്കുമെങ്കിൽ പണയക്കാരൻ ഒന്നിച്ച് പണം കൊടുക്കും. പണയം വെച്ച വസ്തു ഒഴിപ്പിച്ചെടുക്കാനാണെങ്കിൽ ഒരാളേ 50 കൊല്ലംവരെ കാത്തിരിക്കുകയില്ല. അതുകൊണ്ട് 50 കൊല്ലത്തിൽ കുറയാതെ എന്നു വെച്ചിരിക്കുന്നത് മാറ്റിയിട്ട് 30 കൊല്ലത്തിൽ കുറയാതെ എന്നാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. 50 കൊല്ലം എന്നു വെച്ചിരിക്കുന്നതിൽ എന്താണ് അർത്ഥം? 30 കൊല്ലം കഴിഞ്ഞാൽ കാലഹരണപ്പെട്ടുപോകുകയില്ലേ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അക്നോളജ്മെൻറു വ്യവസ്ഥയനുസരിച്ചും പീരിയഡ് വ്യവസ്ഥയനുസരിച്ചും കൊടുത്തിട്ടുള്ളതാണെങ്കിൽ 30 കൊല്ലത്തിനപ്പുറം പോകാമല്ലോ?

ശ്രീ. എം. എം. തോമസ്: സാധാരണ ഗതിയിൽ 30 കൊല്ലമാണ് ന്യായമായിട്ടുള്ള കാലയളവ്. ഒരാളിന്റെ മകനെ പഠിപ്പിച്ച് ഡോക്ടറാക്കുന്നതിനുവേണ്ടി വസ്തു പണയപ്പെടുത്തുകയാണെങ്കിൽതന്നെ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ചാണെങ്കിൽ 50 കൊല്ലത്തിനകം രണ്ടു തലമുറകളേ ഡോക്ടറാകാനുള്ള കാലമുണ്ട്. അതുകൊണ്ട് പണയപ്പെടുത്തിയ വസ്തു ഒഴിപ്പിച്ചെടുക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി വെച്ചതാണെങ്കിൽ അത് 50 കൊല്ലംവരെയൊന്നും നീട്ടിക്കൊണ്ടുപോകുകയില്ല. ഇക്കാര്യങ്ങളെല്ലാം ഉദ്ദേശിച്ചാണ് ഞാൻ ഈ അമെൻറുമെൻറു മൂവു ചെയ്തിട്ടുള്ളത്. പണയം കൊടുത്ത വസ്തു കൃഷിഭൂമിയായിരിക്കണം. ഈ ആക്ടു നിലവിൽ വരുമ്പോഴേ 30 കൊല്ലം കൈവശം വെച്ചിരുന്നതായിരിക്കണം. പണയഭൂമിയിൽ ദേഹണ്ഡങ്ങളേ ചെയ്തതാ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കണം. ഈ മൂന്ന് കാരണങ്ങൾകൊണ്ട് കുടിയാന് ആ ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കണം. കൃഷി ഭൂമിയായിരിക്കണം. ചിലപ്പോൾ കൃഷിഭൂമി അല്ലാത്തതും കാണും. അതുകൊണ്ട് ഈ ഭേദഗതി വേണ്ടവിധം പരിശോധിച്ചു സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഈ വകുപ്പിനെ സംബന്ധിച്ച് ഈ നിയമ സഭയ്ക്കകത്തും, സെലക്ട് കമ്മിറ്റിയിലും, അതുപോലെതന്നെ സഭയ്ക്ക് പുറത്തും രണ്ടു ഭാഗമായി നിന്നുകൊണ്ട് വളരെ കൂടുതൽ വാദ പ്രതിവാദങ്ങളും നടന്നിട്ടുണ്ട്. ജൻമിയും കുടിയാനും അല്ലെങ്കിൽ പണമിടപാടുകാരനും കടക്കാരനും തമ്മിലുള്ള ബന്ധം എങ്ങനെയായിരിക്കണമെന്നുള്ളതാണ് ഈ വകുപ്പിൽ എഴുതിയിരിക്കുന്നത്. ഈ വകുപ്പിന്റെ പ്രധാന ഉദ്ദേശം ദീർഘകാലം ഭൂമി കൈവശം വച്ചിരിക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നടപ്പുപണയക്കാരെന്നോ മറ്റോ എന്തു പേരായാലും അവരെ ടെനൻറാക്കുക എന്നുള്ളതാണ്. അതിൽ ചിലതിൽ വിവേചനം കാണിച്ചിട്ടുണ്ട്. അതിലൊന്ന്, 50 കൊല്ലത്തെ കാലാവധിവച്ച് നടപ്പു പണയമാണെന്നു എഴുതിയിട്ടുണ്ടെങ്കിൽ, ഭൂമി 50 കൊല്ലം കൊണ്ട് കൈവശമാണെന്നു പറയുകയാണെങ്കിൽ യാതൊന്നും നോക്കാതെ അവരെ ടെനൻറായി അംഗീകരിക്കുക എന്നുള്ളതാണ്. ഈ വകുപ്പ് ആദ്യം എഴുതിയപ്പോൾ 30 കൊല്ലമായിരുന്നു. സെലക്ട് കമ്മിറ്റിയിൽ ദീർഘമായ ചർച്ചകൾ കഴിഞ്ഞതിനു ശേഷമാണ് 50 കൊല്ലമാക്കി ഉയർത്തി തീരുമാനമെടുത്തത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ വിധത്തിലുള്ള നടപ്പു പണയങ്ങൾ ഉണ്ട്. മലബാറിൽ ഒരു പ്രത്യേക തരത്തിലാണ്. തിരുകൊച്ചിയിൽ നോക്കുകയാണെങ്കിൽ പറവൂർ, ചേർത്തല, കുന്നത്തുനാട് മുതലായ പ്രദേശങ്ങളിൽ പ്രത്യേക കുടിയായ്മകൾ കാണും. അതുപോലെ തെക്കൻ തിരുവിതാംകൂറിൽ വരുമ്പോൾ തിരുവനന്തപുരം ജില്ലയിലും, കൊല്ലത്തും അതിന്റെ കിഴക്കൻ പ്രദേശങ്ങളിലും വേറൊരു തരത്തിലാണ് കുടിയായ്മകൾ. അങ്ങനെ കേരളത്തിലെ വിവിധഭാഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകം പ്രത്യേകം ജൻമി കുടിയാൻ ബന്ധങ്ങളും, പ്രത്യേകം പ്രത്യേകമായ തരംതിരിവുകളും കുടിയായ്മ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കും. ശ്രീ. പന്തളം പി. ആർ മാധവൻപിള്ള സംസാരിച്ചപ്പോൾ പറഞ്ഞു 30 കൊല്ലം മതിയല്ലോ നടപ്പുപണയമാണെങ്കിൽ അവകാശം നഷ്ടപ്പെടാൻ എന്ന്. മുൻപു ഞാൻ പറഞ്ഞു, 30 കൊല്ലം കഴിഞ്ഞാലും നടപ്പു പണയമാണെന്നു അംഗീകരിച്ചാൽ പുതുക്കിയെഴുത്തായാൽ, assent കൊടുക്കൽ പിന്നെ ഒരു 30 കൊല്ലം കൂടി നീളും. അപ്പോൾ ഈ 30 കൊല്ലം കൂടി അസന്നിഗ്ദ്ധാവസ്ഥയിൽ നിൽക്കുകയാണ്. മുൻപ് ഇത് 60 കൊല്ലമായിരുന്നു. ഇത് 30 കൊല്ലമാക്കിയപ്പോൾത്തന്നെ അന്യായം ഫയൽ ചെയ്യുന്നതിന് അഞ്ചു കൊല്ലത്തെ അവധി കൊടുത്തിരുന്നു. അത് ഇപ്പോൾ രണ്ടു കൊല്ലം കൂടി നീട്ടിയിരിക്കുന്നു. അതുകൊണ്ട് 30 കൊല്ലമെന്നാക്കിയതുകൊണ്ട് പ്രയോജനമൊന്നും ഉണ്ടാകാൻ പോകുന്നില്ല. ദീർഘകാലം കൈവശം വച്ചിരിക്കുന്ന ആളുകളെ മാത്രമേ ഇതുകൊണ്ട് അംഗീകരിക്കുന്നുള്ളു. 50 കൊല്ലത്തെ കൈവശം പുതുക്കൽ നോക്കാതെയും, അംഗീകാരം നോക്കാതെയുമാണ്.

പിന്നെ രണ്ടാമത്തെ വിഭാഗത്തെ സംബന്ധിച്ച് 20 കൊല്ലം എന്നു പറയുന്നുണ്ട്. ഇത് പ്രധാനമായിട്ടും ഉൾപ്പെടുത്തിയിട്ടുള്ളത് പ്രത്യേകം ചില പ്രദേശങ്ങൾക്കു വേണ്ടിയാണ്. അതിൽ തിരുവനന്തപുരം ഡിസ്ട്രിക്ടിന്റെ കാര്യം പ്രത്യേകം നോക്കണം. നെയ്യാറിൻകര മുതലായ പ്രദേശ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ങ്ങളെ പ്രത്യേകമായി കണക്കെടുക്കേണ്ടിയിരിക്കുന്നു. ചെറിയ ചെറിയ തുണ്ടു ഭൂമികളാണെങ്കിൽപ്പോലും കുടിയാൻമാർക്കും കൃഷിക്കാർക്കും ഒറ്റിയെന്നും നടപ്പു പണയമെന്നും പറഞ്ഞ് എഴുതിക്കൊടുക്കുന്നുണ്ട്. വാങ്ങിയിട്ടുള്ള ആളുകൾ പാവപ്പെട്ടവരാണ്. ഭൂമി തരിശായിരിക്കും താമസിച്ചു കൃഷി ചെയ്തു ഭൂമി നന്നാക്കിയതാണ്. അങ്ങിനെയുള്ള ആളുകൾ ഒരു സ്ഥലത്തെ കുടികിടപ്പുകാരായ ആളുകളാണെങ്കിൽ, ഒഴിപ്പിക്കപ്പെട്ടു പോയിട്ടുണ്ടെങ്കിൽ കൂടി കുടികിടപ്പവകാശം പോകുകയില്ലെന്നുള്ള വ്യവസ്ഥ കുടികിടപ്പുകാരന്റെ ആനുകൂല്യങ്ങളുള്ള വകുപ്പിൽ ചേർത്തിട്ടുണ്ട്. ഇതൊരു വലിയ പ്രശ്നമാണ്. അങ്ങനെയുള്ള വിഭാഗക്കാർ താമസിക്കുന്നതിനു വേണ്ടിയാണ് നടപ്പുപണയം വാങ്ങിച്ചിരിക്കുന്നതെങ്കിൽ, ഒരിഞ്ചു ഭൂമിപോലും ഇല്ലാത്ത ആളുകൾക്ക് മാത്രമേ ആ ആനുകൂല്യം കൊടുക്കാവു എന്നുള്ളതിനോട് യോജിക്കുന്നില്ല, രണ്ടേക്കർവരെയുള്ള ആളുകൾക്ക്, അവരുടെ കുടുംബത്തിൽ വീടുവച്ച് താമസിക്കുകയാണെങ്കിൽ അവർക്കുകൂടി അവകാശം കൊടുക്കുന്നതിനുള്ള വകുപ്പ് ഇതിലുണ്ട്.

മൂന്നാമത്, 30 കൊല്ലത്തെ സംബന്ധിച്ചു പറയുമ്പോൾ കൊടുത്തിരിക്കുന്ന ഭൂമിയിൽ അന്നത്തെ വിലയ്ക്കനുസരിച്ച് ഭൂമിയുടെ വിലയുടെ 25 ശതമാനത്തിൽ കൂടുതൽ ഡേഹണ്ഡങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള വിഭാഗക്കാരെ സംബന്ധിച്ച് അത്രയും കൊടുക്കാമെന്നാണ് ഈ വകുപ്പിൽ വച്ചിട്ടുള്ളത്. ഇതു പറയുമ്പോൾ ഏതെങ്കിലും പ്രദേശത്തെ അർഹതയുള്ള ഒരൊറ്റ കുടിയാനെപ്പോലും ഇതിൽനിന്ന് ഒഴിവാക്കണമെന്ന് എനിക്കാഗ്രഹമില്ല. ഒഴിപ്പിച്ചു മാറ്റി നിറുത്തിയിട്ട് ഒരൊറ്റ ആളിന്റേയും അവകാശം നഷ്ടപ്പെടുത്തണമെന്ന് എനിക്കാഗ്രഹമില്ല. ശ്രീ. ഗോപാലകൃഷ്ണൻ സംസാരിച്ചപ്പോൾ പറഞ്ഞു, പ്രത്യേക പ്രദേശങ്ങളിൽ ഇതുപോലുള്ള നടപ്പുപണയം ഉണ്ടെന്ന്. അതിൽ കസ്റ്റമറി ഡ്യൂസായോ, മിച്ചവാരമായോ, രേഖകൾ കണ്ടേക്കാം. മലബാറിലെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടാണ് ഇതിനകത്ത് 6 (എ) വകുപ്പ് ചേർത്തിരിക്കുന്നത്. മലബാർ കുടിയായ്മ നിയമം നടപ്പിൽ വന്ന കാലത്ത് കുടിയാൻമാരായിരുന്ന ആളുകൾ കാലാന്തരത്തിൽ പേരുകൾ മാറ്റി എഴുതിയിരുന്നത് പരാജയപ്പെടുത്തുന്നതിനു വേണ്ടിയാണ് 6 (എ) വകുപ്പ് എഴുതിച്ചേർത്തിരിക്കുന്നത്. ശ്രീ. ഗോപാലകൃഷ്ണൻ സംസാരിച്ചുകേട്ടപ്പോൾ എനിക്ക് തോന്നിയത് ഒരു വിഭാഗക്കാർ ഇതിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നു എന്നുള്ള വിധത്തിലാണ്. അതുകൊണ്ട് ഈ കാര്യങ്ങൾ ഏതായാലും 4 (എ) യിൽ ചേർക്കേണ്ട. അത് ഏതെങ്കിലും വിധത്തിൽ ബുദ്ധിമുട്ട് ഉണ്ടാകും. 4(എ) അതേപടി നിലനിറുത്തുക. 6 (എ) ചർച്ചക്ക് വരുമ്പോൾ ഈ കാര്യങ്ങൾ ആലോചിക്കാം. അതുകൊണ്ട് ശ്രീ. കൃഷ്ണനും, ശ്രീ. ശിവരാമഭാരതിയും കരിപ്പണയത്തിന്റേയും പണയത്തിന്റെയും കാര്യം പറഞ്ഞത് എനിക്ക് ഓർമ്മ വരികയാണ്. അതൊന്നും വരികയില്ല. അങ്ങനെ ഏതെങ്കിലും ഉണ്ടെങ്കിൽ, ഇന്നലെ ശ്രീ. ചന്ദ്രശേഖരൻ നായർ പാട്ടപ്പണയത്തിന് അവതരിപ്പിച്ച ഭേദഗതിയിലെ അംഗീകരിച്ച വാക്ക് ചേർക്കുന്നതിൽ വിരോധമില്ല, അതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല.

പിന്നെയുള്ളത് നിലത്തെ സംബന്ധിച്ചുള്ളതാണ്. 4 (എ) വകുപ്പിന്റെ ഉദ്ദേശം തന്നെ ഡേഹണ്ഡം മുടക്കിയിട്ടുള്ള ആളുകളെ രക്ഷിക്കണമെന്നുള്ളതാണ്. ഇംപ്രൂവ്മെന്റ്സ് എന്നുള്ളതുതന്നെ മാറ്റാൻ കാരണം ഇതിനെ ഓർത്തുകൊണ്ടാണ്. ഒരുപ്പു ഇരുപ്പുവായി കൺവെർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാം. അതാണ് ഇതിലുള്ളത്. പിന്നെ ശ്രീ. എം. എം. തോമസ് മോർട്ടുഗേജിനെ സംബന്ധിച്ച് പറഞ്ഞു. 30 ഏക്കർവരെയുള്ള ആളുകാരുക്കു മാത്രമേ ഫിക്സിറി കൊടുത്തിട്ടുള്ളു. നമ്മുടെ സംസ്ഥാനത്തുള്ള ഒരു പ്രത്യേകത ഞാൻ മുൻപു സംസാരിച്ചപ്പോഴും ഇവിടെ പറഞ്ഞിട്ടുണ്ട്; കാർഷിക മേഖലയിൽ കാർഷിക മുതലാളിത്തം വളരുന്നുണ്ടെന്ന്. കാപ്പിയും റബ്ബറുമൊക്കെ പ്ലാൻറ് ചെയ്തതിനുശേഷം അത് ഒഴിപ്പിക്കണമെങ്കിൽ കാമ്പൻസേഷൻ ആക്ട് വച്ചാണെങ്കിൽ ആരും ഒഴിപ്പിക്കുകയില്ല. പിന്നെ വല്ലയിടത്തും ഒരു ഗുസ്തി നടക്കുന്നുണ്ടായിരിക്കാം. ഞാൻ പറയുന്നത് മൂന്നേക്കറോ നാലേക്കറോ എന്നുള്ള കാര്യമല്ല. കാപ്പി, റബ്ബർ മുതലായവ വച്ചുപിടിപ്പിച്ചിട്ടുള്ള വൻ തോട്ടങ്ങളുണ്ട്. അതൊക്കെ വലിയ കേസ്സുകളാണ്. ആ കാര്യങ്ങളൊക്കെ എല്ലാവർക്കും അറിയാം. അതൊക്കെ ഒരു നയപ്രശ്നമെന്നുള്ള നിലയിൽ എടുത്തിട്ട് കൈകാര്യം ചെയ്യേണ്ടതാണ്. അതുകൊണ്ട് ഈ 4 (എ) അതേമാതിരിതന്നെ നിലനിൽക്കട്ടെ. ബാക്കി കാര്യങ്ങളെല്ലാം 6 (എ) ചർച്ചക്ക് വരുമ്പോഴും ചർച്ച ചെയ്തു അംഗീകരിക്കാം. ഇവിടെ അവതരിപ്പിച്ച ഭേദഗതികളൊന്നും പ്രസ്സുചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: എന്റെ ഭേദഗതി 6 (എ) യിൽ ഉൾക്കൊള്ളിക്കാമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ പ്രസ്സു ചെയ്യുന്നില്ല. The amendment (No. 72) was, by leave withdrawn.

The amendments (Nos. 207, 208 and 209) moved by Shri R. Krishnan, were by leave withdrawn.

The amendment (No. 210) moved by Shri M. M. Thomas was by leave withdrawn.

The amendments (Nos. 264, 265 and 266) moved by Shri K. P. Raghava Poduval were by leave withdrawn.

Chairman: Mr. Madhavan Pillai, are you pressing your amendment?

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള: 6 (എ) യിൽ ഇതിനു കൂടുതൽ സംരക്ഷണം നൽകുന്ന തരത്തിൽ എന്തെങ്കിലും മാറ്റം വരുത്താമെന്നു പറഞ്ഞതുകൊണ്ട് ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

The amendments (Nos. 39, 40, 41, 42 and 43) moved by Shri Pandalam P. R. Madhavan Pillai were by leave withdrawn.

The following amendments (No. 6) moved by Smt. K. R. Gouri viz.,

In clause 5, (for section 4A proposed to be substituted by the clause) the following section shall be substituted, namely:—

"4A. *Certain mortgagees and lessees of mortgagees to be deemed tenants.*—(1) Notwithstanding anything to the contrary contained in any law or in any contract, custom or usage, or in any judgment, decree or order of court, a mortgagee with possession of land, other than land principally planted with rubber, coffee, tea or cardamom, or the

LIBRARY ARCHIVES Kerala Legislative Assembly

lessee of a mortgagee of such land shall be deemed to be a tenant if—

(a) the mortgagee or lessee was holding the land comprised in the mortgage for a continuous period of not less than fifty years immediately preceding the commencement of the Kerala Land Reforms (Amendment) Act, 1969; or

(b) the mortgagee or lessee has constructed a building for his own residence in the land comprised in the mortgage and he was occupying such building for such purpose for a continuous period of not less than twenty years immediately preceding such commencement:

Provided that a mortgagee or lessee falling under this clause shall not be deemed to be a tenant if he, or where he is a member of a family, such family was holding any other land exceeding two acres in extent on the date of publication of the Kerala Land Reforms (Amendment) Bill, 1968, in the Gazette; or

(c) the land comprised in the mortgage was waste land at the time of mortgage or land to which the Madras Preservation of Private Forest Act, 1949, would have applied if that Act had been in force at the time of mortgage, and—

(i) the mortgagee or lessee was holding such land for a continuous period of not less than thirty years immediately preceding the commencement of Kerala Land Reforms (Amendment) Act, 1969; and

(ii) the mortgagee or lessee has effected substantial improvements on such land before such commencement.

Explanation I.—For the purposes of this sub-section in computing the period of continuous possession or occupation by a lessee, the period during which the mortgagee was in possession or occupation, as the case may be, shall also be taken into account.

Explanation II.—In computing the period of fifty years referred to in clause (a) or the period of thirty years referred to in clause (c), the period during which the predecessor-in-interest or predecessors-in-interest of the mortgagee or lessee was or were holding the property shall also be taken into account.

Explanation III.—For the purposes of clause (b),—

(i) "mortgagee" or "lessee" shall include a predecessor-in-interest of the mortgagee or lessee, as the case may be;

(ii) "building" includes a hut.

Explanation IV.—In computing the period of twenty years referred to in clause (b), occupation of the building by any member of the family of the mortgagee or lessee for residential purpose shall be

LIBRARY ARCHIVES Kerala Legislative Assembly

deemed to be occupation by the mortgagee or lessee, as the case may be, for such purpose.

Explanation V.—In calculating the extent of land held by a family for the purposes of clause (b), all the lands held individually by the members of the family or jointly by some or all of the members of such family shall be deemed to be held by the family.

Explanation VI.—For the purposes of sub-clause (ii) of clause (c),—

(i) improvements made by the mortgagee shall be deemed to be improvements made by the lessee;

(ii) "mortgagee" or "lessee" shall include a predecessor-in-interest of the mortgagee or lessee, as the case may be.

Explanation VII.—For the purposes of clause (c),—

(i) improvements shall be deemed to be substantial improvements if the value thereof on the date of commencement of the Kerala Land Reforms (Amendment) Act, 1969, is not less than twenty-five per cent of the market value of the land on that date;

(ii) a land shall be deemed to be waste land notwithstanding the existence of scattered trees thereon.

(2) Nothing contained in sub-section (1) shall apply to lessee if the lease was granted on or after the commencement of this Act."
was put and carried.

The question that Clause 5, as amended, stands part of the Bill, was put and carried.

Clause 5 was added to the Bill.

New Clause 5A

Revenue Minister **(Smt. K. R. Gouri)**: I move:

(No. 7) After Clause 5, the following clause shall be inserted, namely:—

5A. Amendment to section 5–in section 5 of the principal Act, Sub-section (2) shall be omitted".

The amendment was put and carried.

The question that Clause 5A stands part of the Bill was put and carried.

Clause 5A was added to the Bill.

Clause 6

Revenue Minister **(Smt. K. R. Gouri)**: I move:

(No. 8) In clause 6, the following sub-clause shall be inserted at the end, namely:—

"(ii) Sub-section (2) shall be omitted".

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

ഇത് സെക്യൂരിറ്റി എമൗണ്ട് എങ്ങനെ കണക്കാക്കണമെന്നുള്ള വകുപ്പാണ്. ചർച്ചചെയ്തു കഴിഞ്ഞതിനുശേഷം സെക്യൂരിറ്റി കൊടുത്തിരിക്കുന്ന തുക റിട്ടേൺ ചെയ്യേണ്ട ആവശ്യമില്ല എന്നു തീരുമാനിച്ചു.

The amendment was put and carried.

The question that Clause 6, as amended, stands part of the Bill was put and carried.

Clause 6, as amended, was added to the Bill.

Clause 7

Smt. K. R. Gouri: The discussion on this clause may be postponed.

Deputy Speaker: Yes.

Clause 8

Shri G. Gopinathan Pillai: I move:

(No. 142) In clause 8 (section 7 of the Principal Act proposed to be substituted), for the words 'honestly believing himself to be a tenant for not less than two years', the words 'honestly believing himself to be a tenant for not less than three years' be substituted.

ഇതിൽ രണ്ടുകൊല്ലം എന്നുള്ളത് മൂന്നുകൊല്ലം എന്നാക്കണമെന്നാണ് എന്റെ ഭേദഗതി. മിനിസ്റ്റർ ഇതിന് എക്സ്പ്ലനേഷൻ തരുകയാണെങ്കിൽ ഞാൻ പ്രസ്സു ചെയ്യാതിരിക്കാം. 1965-ൽ അന്നത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ ഒരുകൂട്ടം ആളുകൾ വനഭൂമിയിൽ പ്രവേശിക്കുകയും രണ്ടു കൊല്ലത്തേക്ക് കൈവശാവകാശം വാങ്ങുന്നതിനുള്ള രേഖ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായാണ് അറിയാൻ കഴിഞ്ഞത്. അന്ന് അസംബ്ലി ഉണ്ടായിരുന്നില്ല. അവർക്ക് രണ്ടു കൊല്ലത്തെ കൈവശാവകാശം തെളിയിക്കാൻ സാധിക്കും. അതിനുമുമ്പ് കൈവശം വെച്ചിരിക്കുന്നവർക്ക് രേഖയില്ല. അവർക്ക് പ്രത്യേക ആനുകൂല്യം കൊടുക്കുന്നതിനുവേണ്ടി രണ്ടുകൊല്ലം എന്നുള്ളത് മൂന്നുകൊല്ലം എന്നാക്കണമെന്നാണ് എന്റെ ഭേദഗതി.

Shri M. M. Thomas: I move:

(No. 191) In clause 8 (in section 7 proposed to be substituted) delete the words 'honestly believing himself to be a tenant' and omit Explanation.

ഞാൻ ടെനൻറാണെന്നുള്ള ഉത്തമ വിശ്വാസത്തിൽ, ആ ഉത്തമ വിശ്വാസം മാറുള്ളവരെ എങ്ങനെ ബോദ്ധ്യപ്പെടുത്താം. കോടതിയിൽ ചെന്നാൽ എങ്ങനെ ബോദ്ധ്യപ്പെടുത്താം. അതിനൊരു എക്സ്പേറ്റൺസ് എവിഡൻസു വേണം.

ശ്രീ. ജി. ഗോപിനാഥൻപിള്ള: ഫാക്ടുകൊണ്ട് തെളിയിക്കണം.

ശ്രീ. എം. എം. തോമസ്: ഫാക്ട് ഉണ്ടാകണമെങ്കിൽ എന്തെങ്കിലും തെളിവു വേണം. അതുകൊണ്ട് ഇതു ഡിലീറ്റു ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. രാഘവപ്പൊതുവാളിന്റെ ഭേഗതിയിൽ ആകെയുള്ളതു് "honestly believing" എന്നു ചേർക്കണമെന്നാണു്. ഇതിനു വേറൊരു വകുപ്പുണ്ടു്.

I will read 7D:

"Notwithstanding anything to the contrary contained in section 52 or any other provision of the Transfer of Property Act, 1882 or any other law, or in any contract, custom or usage, or in any judgment, decree or order of court, any person in occupation at the commencement of the Kerala Land Reforms (Amendment) Act, 1969 of the land of another situate in Malabar to which the provisions of the Madras Prevention of Private Forests Act, 1949 (XXVII of 1949) applies or which was unsurveyed on the 11th day of April, 1955 shall be deemed to be a tenant if he or his predecessor-in-interest has continuously been in occupation of such land for not less than two years within a period of twelve years immediately preceding the 11th day of April 1967."

അൺ സർവ്വേയ്ഡ് ലാൻറിനെ സംബന്ധിച്ചും മലബാർ പ്രൈവറ്റ് ലാൻറിനെ സംബന്ധിച്ചും "honestly believing" എന്നതു പ്രൂവ് ചെയ്യേണ്ട അതുകൊണ്ടു് ഇതുപോലെതന്നെ മതിയെന്നാണ് എനിക്കു പറയാനുള്ളതു്.

The amendment (No. 142) moved by Shri. G. Gopinathan Pillai, was by leave withdrawn.

The amendment (No. 191) moved by Shri M. M. Thomas was by leave withdrawn.

The question that Clause 8 stands part of the Bill was put and carried.

Clause 8 was added to the Bill.

Clause 9

Deputy Speaker: Shri K. G. Neelakantan Namboodiripad may move amendment No. 97.

Shri K. G. Neelakantan Namboodiripad: I move:

(No. 97) In clause 9, section 7B(2) proposed to be inserted, in the last line, delete the words 'not competent' and insert the words 'legally competent or not'.

ഇതു് സെക്ഷൻ 7 ബി(2)–നുള്ള ഭേഗതിയാണു് ഇതു്. ഒരു വസ്തുവിൽ കൈവശാവകാശമുള്ള ആൾക്കു് സ്ഥിരാവകാശം നൽകുന്ന ഒരു വകുപ്പാണു് 7 ബി(2).

7B(2): Notwithstanding anything to the contrary contained in any law or in any contract, custom or usage, or in any judgment, decree or order of court any person who on the 11th day of April, 1957 was in occupation of the land of another and continued to be in occupation of

LIBRARY ARCHIVES Kerala Legislative Assembly

[Shri K. G. Neelakantan Namboodiripad]

such land till the commencement of the Kerala Land Reforms (Amendment) Act, 1969 shall be deemed to be a tenant if the court has delivered a judgment or passed an order before the date of publication of the Kerala Land Reforms (Amendment) Bill, 1968 in the Gazette that the occupation by such person was on the basis of an oral permission or an unregistered deed purporting to be a lease deed granted by a person not competent to lease the land.

പാട്ടം കൊടുക്കാൻ അവകാശമില്ലാത്ത ഒരാൾ കൈവശാവകാശം കൊടുത്തതാണു്, അല്ലെങ്കിൽ അൺ രജിസ്റ്റേർഡ് ഡീഡിന്റെ അടിസ്ഥാനത്തിൽ ഒരാൾക്കു് കൈവശാവകാശം കിട്ടിയതാണെന്നു കോടതി വിധിയുണ്ടെങ്കിൽ അയാളെ ഇത്തരത്തിൽ പാട്ടക്കാരായി അംഗീകരിക്കുന്ന വകുപ്പാണു്. ഇതിനകത്തു് ഒരു ചെറിയ ഭേദഗതി ഞാൻ വരുത്തുകയാണു്. കേവലം കൈവശാവകാശത്തിന്റെ അടിസ്ഥാനത്തിൽ കുടിയായ്മ അംഗീകരിച്ചുകൊടുക്കുന്ന ഒരു വകുപ്പാണു്. അപ്പോൾ ലീഗലി കോമ്പിറ്റന്റായിട്ടുള്ള ഒരാളല്ല കൈവശാവകാശം കൊടുത്തിരുന്നതെങ്കിലും കൈവശാവകാശം കിട്ടുമെന്നാണു് പറയുന്നതു്. പക്ഷേ ലീഗലി കോമ്പിറ്റന്റായിട്ടുള്ള ഒരാൾ ഇങ്ങനെ കൊടുത്താൽ അതു് കുടിയായ്മ ആകുമെന്നു് ഈ ബില്ലിൽ പറയുന്നില്ല. ഈ വകുപ്പു് ഇതേപടി നിലനിറുത്തുകയാണെങ്കിൽ ലീഗലി കോമ്പിറ്റന്റായിട്ടുള്ള ഒരാൾ ഇങ്ങനെ ഒരു കൈവശാവകാശം കൊടുത്താൽ കൈവശാവകാശക്കാരനു് അല്ലെങ്കിൽ കുടിയാനു് സ്ഥിരത കിട്ടുകയില്ല എന്നു വരുന്നതു് അഭംഗിയാണു്, തെറ്റാണു്. അതുകൊണ്ടു് legally competent or not എന്നു ചേർക്കണമെന്നാണു് എന്റെ ഭേദഗതി. ഇതിനകത്തു് not competent ആയിട്ടുള്ള ആൾ കൈവശാവകാശം കൊടുക്കുന്നതിനെ സംബന്ധിച്ചു മാത്രമേ പറയുന്നുള്ളു.

അപ്പോൾ not competent എന്നുള്ളതു മാറ്റി legally competent or not എന്നു ചേർത്താൽ വലിയ അഭംഗിയാണു്. കൈവശാവകാശം കൊടുക്കാൻ അവകാശമുള്ള ഒരാൾ കൊടുത്താൽ അയാൾ ടെനൻറല്ലാതാകുകയും എന്നാൽ കൈവശാവകാശം കൊടുക്കാൻ അവകാശമില്ലാത്ത ആൾ കൊടുത്താൽ ടെനൻറാകുകയും ചെയ്യുമെന്ന ധ്വനി അതിൽ വരും. ഈ ക്ലോസ് കൂടുതൽ വ്യക്തമാക്കാൻ വേണ്ടിയുള്ള ഭേദഗതിയാണു്. അതുകൊണ്ടു് ഇതു് അംഗീകരിക്കാവുന്നതാണു്.

Shri C. B. Chandrasekhara Warrier: I move amendment:

[12 noon]

(No. 114) In clause 9, proposed new section 7B, add the following words at the end of sub-clauses (1) and (2): "Whether he is the owner or not".

7 (ബി)-യിൽ സബ് സെക്ഷൻ (1) ന്റെയും (2) ന്റെയും അവസാനം whether he is the owner or not എന്നു ചേർക്കണമെന്നുള്ളതാണു് എന്റെ ഭേദഗതി. 'Not competent to do so' എന്നുമാത്രം പറഞ്ഞു നിർത്തിക്കഴിഞ്ഞാൽ ഒരു കുടുംബത്തിനു് അവകാശപ്പെട്ടതു്, അല്ലെങ്കിൽ കൂട്ടായി അവകാശപ്പെട്ടതും എന്നാൽ ഒരു വ്യക്തിക്കു് പാട്ടം കൊടുക്കാൻ അവകാശമില്ലാത്തതുമായ നിലയിൽ പാട്ടം കൊടുത്തതും എന്നുള്ള വ്യഖ്യാനത്തിലേക്കു് ചെന്നെത്താൻ ഇടയുണ്ടു്. ഈ ബിൽ ഡ്രാഫ്റ്റു ചെയ്തപ്പോഴും സെലക്ടു കമ്മിറ്റി ചർച്ച ചെയ്തപ്പോഴും എല്ലാം ഉദ്ദേശിച്ചിട്ടുള്ളതു് മനകം, കൂട്ടുകുടുംബങ്ങൾ ഇവിടെയെല്ലാം ഉള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളം അവിടെനിന്നും മുക്തിയാർ അധികാരമൊന്നും കിട്ടിയിട്ടി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാത്ത കാര്യസ്ഥൻമാരോ അതുപോലെയുള്ള വ്യക്തികളോ യഥാർത്ഥത്തിൽ ആ കുടുംബത്തിനോ അല്ലെങ്കിൽ സ്ഥാപനത്തിനോ വേണ്ടി യഥാർത്ഥത്തിൽ വസ്തുക്കളുടെ ഭരണം നടത്തുകയും മറ്റും ചെയ്യുന്നെങ്കിൽ ആ ആളുകൾ പാട്ടം കൊടുക്കുകയും (അങ്ങനെ പാട്ടം നടന്നുവരുന്ന കേസ്സുകൾ ധാരാളമുണ്ട്) മറ്റും ചെയ്തിട്ടുള്ള കേസ്സുകളുണ്ടെങ്കിൽ അങ്ങനെയുള്ള കേസ്സുകളിൽ കുടുംബാവകാശങ്ങൾ നഷ്ടപ്പെടരുതെന്നുള്ള നിലയിലാണ് ഈ വകുപ്പ് ഉദ്ദേശിച്ചിട്ടുള്ളത്. അപ്പോൾ ഈ നിലയിൽ ഈ വകുപ്പു നിന്നാൽ ഇതിന്റെ വ്യാഖ്യാനം വരുമ്പോൾ കൂട്ടവകാശമുള്ള കുടുംബത്തിലേയോ സ്ഥാപനത്തിലേയോ ഏതെങ്കിലും ഒരു വ്യക്തിക്ക് അതു കൈകാര്യം ചെയ്യാനുള്ള പൂർണ്ണമായ സ്വാതന്ത്ര്യമില്ലെങ്കിലും അങ്ങനെ ചെയ്താൽ ആ വസ്തുവിന്റെ ഉടമാവകാശവുമായി നേരിട്ടു ബന്ധമില്ലാത്ത ഒരുദ്യോഗസ്ഥനോ ഏജന്റോ കൊടുത്തുകഴിഞ്ഞാൽ അതു കുടുംബാവകാശമായിത്തിരുമെന്നു വ്യാഖ്യാനിക്കപ്പെടാൻ ഇടയില്ല എന്നുള്ളതുകൊണ്ട് കുറേക്കൂടി ക്ലിയറാക്കാൻ whether he is the owner or not എന്നുകൂടി ചേർക്കണമെന്നു ഞാൻ നിർദ്ദേശിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അങ്ങനെയാണെങ്കിൽ ഓണർ എല്ലാം ലാൻഡ്‌ലോർഡ് ആകണം. ഓണറും ലാൻഡ്‌ലോർഡും രണ്ടായിത്തന്നെ നിർവ്വചിച്ചിട്ടുണ്ട്. ഓണർ എല്ലാം ലാൻഡ്‌ലോർഡ് ആകണമെന്നില്ല. ഓണർ ഓർ നോട്ട് എന്നെഴുതിവച്ചാൽ അതിന്റെ സ്കോപ്പിൽ ലാൻഡ്‌ലോർഡിനെ ഉൾപ്പെടുത്തുകയില്ലെന്നു വ്യാഖ്യാനിക്കപ്പെടും. ഇൻകോംപിറൻസിയാണ് പ്രശ്നമെങ്കിൽ ഇപ്പോൾ കിടക്കുന്നതുപോലെയോ അല്ലെങ്കിൽ ബഹുമാനപ്പെട്ട കെ. ജി. എൻ. നമ്പൂതിരിപ്പാട് അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കുകയോ ചെയ്താൽ മതി.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: എന്റെ വ്യക്തമായ സംശയം അതല്ല. ഒരു കുടുംബത്തിലെ വസ്തുവിൽ അവിടത്തെ കാരണവർ അല്ലാതെ കാരണവരുടെ മേജറായ അംഗങ്ങൾക്കുമാത്രമേ ആ കുടുംബത്തിലെ പേഴ്സണൽ ലാ അനുസരിച്ച് പാട്ടപ്പെടുത്താൻ അർഹതയുള്ളു. എന്നാൽ ഏതെങ്കിലും ഒരംഗം മാത്രമായിട്ട് പാട്ടപ്പെടുത്തുന്നു. അതും ഇതിൽ വരും. നേരേമറിച്ച് ഒരു കുടുംബത്തിന്റെ വസ്തു ആ കുടുംബവുമായി നേരിട്ട് അവകാശമോ ബന്ധമോ ഒന്നുമില്ലാത്ത കുടുംബകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ പാട്ടപ്പെടുത്തിയാൽ അത് ഇൻകോംപിറൻസി എന്ന വാക്കുകൊണ്ടുമാത്രം ലീസ് എന്ന വാക്കിന്റെ വ്യാഖ്യാനത്തിൽ വരാതെ പോകുമോയെന്നാണ് എന്റെ സംശയം.

Shri G. Gopinathan Pillai: I move:

(No. 143) In clause 9 (in section 7C proposed to be inserted in the Principal Act) for the words 'shall be deemed to be a tenant if he or his predecessors-in-interest has paid within a period of ten years' the words "shall be deemed to be a tenant if he or his predecessors-in-interest has paid within a period of twelve years" be substituted.

ലാൻഡ് ലജിസ്ലേഷൻ 1957-ൽ തുടങ്ങിയ കാലംമുതൽ പന്ത്രണ്ടു കൊല്ലത്തിനകത്ത് എന്തെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിൽ അയാൾ ടെനൻറ് ആയിരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇതു സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri K. P. Raghava Poduval: I move:

(No. 195) In clause 9 [In sub-section (1) of section 7B proposed to be inserted] delete the words "on the 11th day of April 1957" and add the words "on the 11th day of April 1964."

സർ, ഇത് 7 (ബി)യ്ക്കുള്ള ഭേദഗതിയാണ്. 7 (ബി)യിൽ on the 11th day of April 1957 എന്നതിനു പകരം on the 11th day of April 1964 എന്നു ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. അവകാശമില്ലാത്ത ആളുകൾ ലീസ് കൊടുത്തിട്ടുണ്ടെങ്കിൽ അതിന് 1957 വരെയുള്ളതിന് സാധുത കൊടുക്കുന്നതാണ് ഈ വകുപ്പ്. On the 11th day of April 1957 എന്നുള്ളതു മാറി on the 11th day of April 1964 എന്നു ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം അതിനുശേഷം വളരെയധികം ആളുകൾ, അധികാരമില്ലാത്ത ആളുകൾ, ലീസ് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇതുംകൂടി ചേർത്തുകഴിഞ്ഞാൽ 1964 വരെയുള്ളവർക്കു പ്രയോജനം കിട്ടും. അതുകൊണ്ട് ഇന്നുള്ളതു കുറച്ചുകൂടി വിപുലീകരിച്ചുകൊണ്ട് on the 11th day of April 1964 എന്നു ചേർത്തുകൊണ്ട് കുറേ ആളുകൾക്കുകൂടി ഗുണം കിട്ടത്തക്കവണ്ണമുള്ള എന്റെ ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): ബഹുമാനപ്പെട്ട ശ്രീ. സി. ബി. സി. വാര്യരും ശ്രീ. പൊതുവാളും മൂവ് ചെയ്തിട്ടുള്ള രണ്ടു ഭേദഗതികളുംകൂടി യോജിപ്പിച്ചുകൊണ്ട് അംഗീകരിക്കുകയാണു നല്ലതെന്നാണ് എന്റെ അഭിപ്രായം. 1957 എന്നു പറയുമ്പോൾ 12 കൊല്ലത്തെ പഴക്കമുണ്ട്. 1957–നുശേഷം അബദ്ധം പറ്റാൻ ഇടയില്ല. അതുകൊണ്ട് 1964 ആകുന്നതു നല്ലതായിരിക്കും. അതേസമയം ശ്രീ. വാര്യർ നിർദ്ദേശിച്ച ഭേദഗതികൂടി സ്വീകരിക്കുന്നതു നന്നായിരിക്കും. എന്റെ അഭിപ്രായത്തിൽ ഇതു രണ്ടുംകൂടി ചേർത്ത് അംഗീകരിക്കണമെന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇതിനെ സംബന്ധിച്ച് ഒരു ജഡ്ജ്മെന്റ് ഉണ്ടായിട്ടുണ്ട്. അതായത് 1969 കെ.എൽ.ടി. 449—ജസ്റ്റീസ് മാധവൻ നായരുടെ ജഡ്ജ്മെന്റ്. അതനുസരിച്ചു ഞാൻ രണ്ടു ഭേദഗതികളും അവതരിപ്പിക്കുകയാണ്.

In section 7B proposed to be inserted—

(*a*) In sub-section (1), for the words "by a person not competent to do so", the words "by a person who had no right over the land or who was not competent to lease the land" shall be substituted;

(*b*) in sub-section (2), for the words "by a person not competent to do so", the words " by a person who had no right over the land or who was not competent to lease the land" shall be substituted.

In section 7D proposed to be inserted, for the words, figures, brackets and letters " to which the provisions of the Madras Preservation of Private Forests Act, 1949 (XXVII of 1949), applies or which was unsurveyed on the 11th day of April 1955", the following shall be substituted, namely:—

" to which the provisions of the Madras Preservation of Private Forests Act, 1949 (XXVII of 1949) were applicable on the 11th day of April 1955 or which was unsurveyed on that date."

LIBRARY ARCHIVES Kerala Legislative Assembly

ജസ്റ്റിസ് മാധവൻ നായരുടെ ജഡ്ജ്മെൻറ് കെ.എൽ.ടി 449-ൽ പറഞ്ഞിരിക്കുന്നത് ഇതാണ്.

'Not competent' only means persons like Karanavans of families granting leases without junior members.....

അതായത് നമ്മൾ ഉദ്ദേശിക്കുന്ന അർത്ഥം ഇതിനില്ല. കുടുംബകാരണവൻമാർ junior members-ന്റെ അംഗീകാരത്തോടുകൂടി കൊടുക്കേണ്ടതു് അല്ലാതെ കൊടുക്കുന്ന പ്രമാണങ്ങൾ "persons not competent to do so" എന്നു പരിമിതപ്പെടുത്തുന്നു എന്നാണ്. ആ അടിസ്ഥാനത്തിലാണ് For the words "by a person not competent to do so", the words, "by a person who had no right over the land or who was not competent to lease the land", shall be substituted എന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചത്. ഈ നിയമംമൂലം സഭ ഉദ്ദേശിച്ചതും, ഗവർമ്മെൻറ് ഉദ്ദേശിച്ചതും, സെലക്ട് കമ്മിറ്റി ഉദ്ദേശിച്ചതും "Not competent to do so" എന്ന വാക്ക് വിപുലപ്പെടുത്തണമെന്നാണ്. അൺസർവ്വേയ്ഡ് ലാൻഡിനെ സംബന്ധിച്ചിടത്തോളം owner ആരാണെന്നു് അറിയാൻ പ്രയാസമാണ്. ചിലപ്പോൾ ട്രസ്റ്റി who has no right to transfer കൊടുത്തു എന്നു വരും. അതിനാണ് സബ് സെക്ഷൻ (2)-ൽ for the words "by a person not competent to lease the land", the words "by a person who had no right over the land or who was not competent to lease the land", shall be substituted. എന്ന ഭേദഗതി വരുത്തുന്നത്. ഈ അടിസ്ഥാനത്തിൽ ആർക്കെല്ലാം tenancy right കിട്ടണമെന്നു നാം ആഗ്രഹിച്ചു, ഏതെല്ലാം കുടിയാൻമാർ അവർ കുടിയാൻമാരാണെന്ന ധാരണയിൽ ദീർഘകാലമായി ഭൂമി കൈവശം വച്ചു അനുഭവിക്കുന്നോ Law-യുടെ interpretation കാരണം അവകാശം നഷ്ടപ്പെടാൻ പാടില്ല എന്നടിസ്ഥാനത്തിൽ അംഗീകരിക്കേണ്ടതാണ്. ജഡ്ജ്മെൻറിന്റെ അടിസ്ഥാനത്തിലാണ് ഞാൻ രണ്ടു ഭേദഗതികളും മൂവു ചെയ്തിട്ടുള്ളത്. അതുകൊണ്ട് മറ്റാരുടേയും ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട് : കോംപിറ്റന്റ് ആയിട്ടുള്ള ആളുകളും കൊടുത്താൽ അത് ടെനൻറ് ആകുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : അല്ലാത്തവർക്കു കൊടുക്കുകയാണ്. ഉള്ളവർക്ക് ഉണ്ട്. അതു കൊടുക്കുകയും ചെയ്യും. അവകാശമുള്ളവർക്ക് കൊടുക്കുന്നതിനു പ്രത്യേകം പറയണമോ ? അവകാശമില്ലാത്ത ആളുകൾക്ക് കൊടുക്കുന്നതാണ് പ്രത്യേകം പറയേണ്ടത്.

അൺസർവ്വേയ്ഡ് ലാൻഡിനെ സംബന്ധിച്ചിടത്തോളം ആരാണ് ഓണർ എന്നറിയുകയില്ല. അതുപോലെ മറ്റു ചില ബുദ്ധിമുട്ടുകളുണ്ട്. ചില അമ്പലങ്ങളുടെ കാര്യത്തിൽ ട്രസ്റ്റി കൊടുത്തു എന്നു വരാം. നിലമ്പൂർ കോവിലകത്തിന്റെ കാര്യത്തിലാണെങ്കിൽ ഉദ്യോഗസ്ഥൻ കാണിക്കം വാങ്ങിച്ചുകൊണ്ടു കൊടുത്തിട്ടുണ്ടാകും. കൃഷിക്കാരൻ ദീർഘകാലമായി കൈവശംവച്ചനുഭവിക്കും. അവിടെ നോക്കിയാൽ കെട്ടിടവും മാളികകളും, സ്കൂളും എല്ലാം കാണും. കൊടുത്തത് ഉദ്യോഗസ്ഥനാണ്. ട്രസ്റ്റി ആണ്. ഇതെല്ലാംകൊണ്ടാണ് ഈ വകുപ്പ് എഴുതിച്ചേർത്തിട്ടുള്ളത്. അവകാശം ഉള്ള ആളുകളെ സംബന്ധിച്ചിടത്തോളം തർക്കമില്ല. തർക്കമുള്ളത് അവകാശമില്ലാത്ത ആളുകളെസംബന്ധിച്ചാണ്. അതുകൊണ്ടാണ് അവകാശമുള്ള ആളുകളുടെ കാര്യം നിയമത്തിൽ പറയേണ്ടതില്ലെന്നു പറഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട് : റൈറ്റ് ഓഫ് ഓക്കുപ്പെൻസി കൊടുത്താൽ ടെനൻറ് ആകുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : റൈറ്റ് ഓഫ് ഓക്കുപ്പൻസി എന്നു പറഞ്ഞാൽ സാധാരണ നിലയിൽ ഒരാളുടെ കൈവശമിരിക്കുന്ന ഭൂമിയെ സംബന്ധിച്ചാണ്. 7 (സി) യിൽ എന്താണ് പറഞ്ഞിരിക്കുന്നത്?

"7 C. Notwithstanding anything to the contrary contained in any law or in any contract, custom or usage, or in any judgment, decree or order of court, any person who is in occupation of the land of another at the commencement of the Kerala Land Reforms (Amendment) Act, 1969 shall be deemed to be a tenant if he or his predecessor-in-interest has paid within a period of ten years immediately preceding such commencement any amount in consideration of such occupation or for the usage and occupation of such land and has obtained a receipt for such payment from any person entitled to lease that land or his authorised agent or a receiver appointed by a court describing the payment as modavaram or nashtavaram or modanashtavaram or a receipt described as M.R. receipt."

സർ, 7 D-ക്കുള്ള ഭേദഗതി ഇതാണ്.

In section 7 D proposed to be inserted, for the words, figures, brackets and letters " to which the provisions of the Madras Preservation of Private Forests Act, 1949 (XXVII of 1949), applies or which was unsurveyed on the 11th day of April 1955", the following shall be substituted; namely:—

" to which the provisions of the Madras Preservation of Private Forests Act, 1949 (XXVII of 1949) were applicable on the 11th day of April, 1955 or which was unsurveyed on that date."

സർ, ഇതു കഴിഞ്ഞതിനുശേഷം ചില സർവ്വേ നടന്നിട്ടുണ്ട്. മാത്രമല്ല, മദ്രാസ് പ്രിസർവേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്റ്റ്സ് ആക്ടനുസരിച്ചുതന്നെ ഫോറസ്റ്റല്ലെന്നു നോട്ടിഫിക്കേഷൻ വന്ന സ്ഥലങ്ങളുണ്ട്. കൈവശമുള്ള ഭൂമിയിൽ ഏത് Survey ചെയ്തു എന്നോ Private Forest-ൽ നിന്ന് ഒഴിവാക്കി നോട്ടിഫൈ ചെയ്തെന്നോ നിശ്ചയമില്ലാത്തതിനാൽ ഈ ഭേദഗതി ആവശ്യമാണ്. ഇങ്ങനെയുള്ള പ്രയാസങ്ങളം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതികളം കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : എന്റെ ഭേദഗതിയോ ?

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ മറ്റു ഭേദഗതികളം ഒന്നും സ്വീകരിക്കുന്നില്ല.

The following amendments moved by Smt. K. R. Gouri, viz. in section 7 B proposed to be inserted—

(*a*) in sub-section (1), for the words "by a person not competent to do so", the words "by a person who had no right over the land or who was not competent to lease the land" shall be substituted;

LIBRARY ARCHIVES Kerala Legislative Assembly

(*b*) in sub-section (2), for the words "by a person not competent to do so", the words "by a person who had no right over the land or who was not competent to lease the land" shall be substituted.
was put and carried.

The following amendment moved by Smt. K. R. Gouri, viz. in section 7 D proposed to be inserted, for the words, figures, brackets and letters " to which the provisions of the Madras Preservation of Private Forests Act, 1949 (XXVII of 1949), applies or which was unsurveyed on the 11th day of April 1955", the following shall be substituted, namely :—

" to which the provisions of the Madras Preservation of Private Forests Act, 1949 (XXVII of 1949) were applicable on the 11th day of April, 1955 or which was unsurveyed on that date".
was put and carried.

The amendment No. 97, moved by Shri K. G. Neelakantan Namboodiripad was, by leave, withdrawn.

The amendment (No. 114), moved by Shri C. B. Chandrasekhara Warrier was, by leave, withdrawn.

The amendment (No. 143), moved by Shri G. Gopinathan Pillai, was by leave, withdrawn.

The amendment (No. 195), Shri K. P. Raghava Poduval, was by leave, withdrawn.

The question that Clause 9, as amended, stands part of the Bill was put and carried.

Clause 9, as amended, was added to the Bill.

Clause 10

The question that Clause 10 stands part of the Bill was put and carried.

Clause 10 was added to the Bill.

Clause 11

The question that Clause 11 stands part of the Bill was put and carried.

Clause 11 was added to the Bill.

Clause 12

The question that Clause 12 stands part of the Bill was put and carried.

Clause 12 was added to the Bill.

Clause 13

Shri K. G. Neelakantan Namboodiripad : Sir, I move:

(No. 99) in clause 13, in sub-sections (1) and (2) proposed to be substituted, at the beginning of sub-section (1) the following shall be

LIBRARY ARCHIVES Kerala Legislative Assembly

[Shri K. G. Neelakantan Namboodiripad]

inserted : "(1) Notwithstanding anything to the contrary contained in any judgement, decree or order of court, and"

Shri K. P. Raghava Poduval : Sir, I move:

(No. 268) In clause 13, [in section 12 (1) of the Principal Act proposed to be substituted], after the word 'licence', add " of nilam or other lands".

സർ, ഞാൻ ഇതുകൊണ്ടുവരാനുള്ള കാരണം പ്രത്യേകിച്ചും മലബാർ ഭാഗങ്ങളിൽ കണ്ണൂർ ജില്ലപോലുള്ള സ്ഥലങ്ങളിൽ വളരെക്കാലമായി കൈവശം വയ്ക്കുന്നതായ വസ്തുക്കളും അനുഭവങ്ങളുമുണ്ട്. അതിൽ ഒരു രേഖയുടെ സ്വഭാവം ഞാൻ ഇവിടെ വിവരിക്കാം. (എ) എന്ന ഒരാൾ (ബി) എന്ന ഒരാളിന് കൊടുക്കുകയാണ്. അവൻ കൈവശംവച്ച് അനുഭവിക്കുകയും താമസിക്കുകയും ഒരു നിശ്ചിത പീരിഡു കഴിഞ്ഞാൽ പുറപ്പാടു തരാനും അതുകഴിഞ്ഞ് ഒഴിയാനുമാണ് വ്യവസ്ഥ. ഈ ആളുകൾ ഉത്തമ വിശ്വാസത്തോടുകൂടി കുഴിക്കാണക്കുടിയാൻ എന്ന നിലയിൽ കൈവശം വച്ച് അനുഭവിച്ചു വരികയാണ്. എന്നാൽ ഇന്ന് കോടതിവിധിപ്രകാരം പറയുന്നത് ലൈസൻസി എന്നാണ്. അങ്ങനെയാണെങ്കിൽ കുഴിക്കാണക്കുടിയാൻ എന്നു തെളിയിക്കാനുള്ള അവകാശം കൊടുക്കുന്നതിന് ഉപകരിക്കുന്ന ഒരു ഭേദഗതിയാണ് ഇത്. ഞാൻ ഇവിടെ കൊണ്ടുവന്ന പ്രകാരം 'licence'-നു ശേഷം "of nilam or other lands" എന്നു ചേർത്താൽ ആ ഭാഗങ്ങളിലെ ഇത്തരം ആളുകൾക്ക് കുടിയായ്മാ സ്വഭാവം കിട്ടുന്നതിനും അതു തെളിയിക്കാൻ കോടതിയെ സമീപിക്കാൻ സാധിക്കുകയും ചെയ്യും. അങ്ങനെ കൈവശക്കാരന് സ്ഥിരാവകാശം കിട്ടുകയും ചെയ്യും. അതുകൊണ്ട് എന്റെ ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. നീലകണ്ഠൻ നമ്പൂതിരിപ്പാട് : സർ, ഈ വകുപ്പ് ഇടപാടുകളുടെ യഥാർത്ഥ സ്വഭാവം തെളിയിക്കാൻ വസ്തുവിൽ ഇൻട്രസ്റ്റുള്ളവർക്ക് അവകാശം നൽകുന്ന ഒരു വകുപ്പാണ്. നിലവിലുള്ള നിയമത്തിൽ എന്തു പറഞ്ഞിരുന്നാലും ഈ വകുപ്പിൽ പറയുന്ന പ്രത്യേക സ്വഭാവത്തിലുള്ള ട്രാൻസാക്ഷനു്, അതിനു് എന്തു പേരു പറഞ്ഞിരുന്നാലും ശരി കുടിയായ്മയാണെന്നു തെളിയിക്കാനുള്ള ഒരു അവകാശം നൽകുന്ന വകുപ്പാണ്. അതിൽ ഒന്നുകൂടി കൂട്ടിച്ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

'Notwithstanding anything in the Indian Evidence Act, 1872, or in any other law for the time being in force.'

എന്നുള്ളതിനു പുറമേ സാധാരണ ഇതുപോലുള്ള മറ്റു പല വകുപ്പുകളിലും എഴുതിച്ചേർത്തിട്ടുള്ളതുപോലെ.

'Notwithstanding anything to the contrary contained in any judgement, decree or order of court, and'

എന്നുകൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി. കോടതിവിധികൾ ചിലപ്പോൾ ഉണ്ടായിക്കാണും. കോടതിവിധികളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും ശരി ഈ വകുപ്പിൽ പറയുന്ന ട്രാൻസാക്ഷൻസ്, ഈ പേരിൽ അറിയപ്പെടുന്ന ട്രാൻസാക്ഷൻസ് കാണമാണെന്നോ കുഴിക്കാണമാണെന്നോ മറ്റുവിധത്തിലുള്ള ലീസസ് ആണെന്നോ തെളിയിക്കാനുള്ള അവകാശം നൽകണം. ഇതിന് വ്യക്തമാക്കി പറഞ്ഞില്ലെങ്കിൽ ചില കോടതിവിധികളെ അടിസ്ഥാനമാക്കി യഥാർത്ഥ കുടിയായ്മ സ്വഭാവമുള്ളതാണെന്നു തെളിയിക്കാൻ സാധിക്കാതെ യഥാർത്ഥ കുടിയാനുള്ള അവകാശം നിഷേധിക്കപ്പെടുമെന്നുള്ളതുകൊണ്ട് ഇതു വളരെ വ്യക്തമാക്കണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സർ, കരഭൂമിയിലേക്കു കൂടി വ്യാപിപ്പിക്കണമെന്നുള്ളതാണ് ശ്രീ. രാഘവപ്പൊതുവാളിന്റെ ഭേദഗതി. അത് വളരെ ചർച്ച ചെയ്ത കാര്യമാണ്. ലൈസൻസ് കരഭൂമിയിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന് അനുകൂലമായും പ്രതികൂലമായും അഭിപ്രായങ്ങളൊക്കെ ഉണ്ടായിട്ടുണ്ട്. ഏറ്റവും കൂടുതൽ പ്രതികൂലാഭിപ്രായങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ടാണ് അതു സ്വീകരിക്കാതിരുന്നത്. ഈ ഭേദഗതി ആ കാരണത്താൽ സ്വീകരിക്കാൻ നിവൃത്തിയില്ല. ശ്രീമാൻ നമ്പൂതിരിപ്പാടിന്റെ ഭേദഗതി

'Notwithstanding anything in the Indian Evidence Act, 1872, or in any other law for the time being in force.....'

എന്നുള്ളതിനോടു

'Notwithstanding anything to the contrary contained in any judgement, decree or order of court, and'

എന്നുകൂടി കൂട്ടിച്ചേർക്കണമെന്നുള്ളതാണ്. ഒന്നുകൂടി ക്ലിയറാക്കുന്നതിനുള്ള ഭേദഗതിയാണ് അത്. ഇത് സ്വീകരിക്കുന്നതിൽ വിരോധമില്ല.

The amendment (No. 99), moved by Shri K. G. Neelakantan Namboodiripad, viz.

(No. 99) In clause 13, in sub-sections (1) and (2) proposed to be substituted, at the beginning of sub-section (1) the following shall be inserted:—

"(1) Notwithstanding anything to the contrary contained in any judgement, decree or order of court, and"

was put and carried.

The amendment (No. 268), moved by Shri K. P. Raghava Poduval was, by leave, withdrawn.

The question that clause 13, as amended, stands part of the Bill was put and carried.

Clause 13, as amended, was added to the Bill.

Clauses 14 *and* 15

The question that clauses 14 and 15 stand part of the Bill was put and carried.

Clauses 14 and 15 were added to the Bill.

Clause 16

Shri P. K. Gopalakrishnan : Sir, I move:

(No. 123) In clause 16, section 15 of the Principal Act, for the words 'five standard acres' occurring after the words 'is in possession of land less than' substitute the words "one acre."

(No. 124) In clause 16, section 15 of the Principal Act, add the following proviso :

"Provided further that no landlord shall be entitled to resume any land under this section from any tenant who was entitled to fixity

LIBRARY ARCHIVES Kerala Legislative Assembly

[Shri P. K. Gopalakrishnan]

of tenure in respect of his holding, immediately before the 21st January, 1961, under any law then in force."

(No. 125) In clause 16, first proviso to section 15 of the Principal Act, for the words '5 standard acres' substitute the words "one standard acre."

(No. 126) In clause 16, section 15 of the Principal Act, renumber the Explanation as Explanation I and add the following as Explanation II :—

" Explanation II.—For the purposes of this section, where a husband or wife is owning a house for his or her residence, any resumption asked for under this section shall be presumed as *not bona fide*."

സർ, ഇത് പ്രിൻസിപ്പൽ ആക്റ്റിലെ സെക്ഷൻ 15-നെ സംബന്ധിച്ചുള്ള ക്ലോസാണ്. അതായത്

" resumption for construction of residential building ".

ഈ സെക്ഷൻ സെലക്ടുകമ്മിറ്റിയുടെ ശ്രദ്ധയിൽനിന്ന് എങ്ങനെ വിട്ടുപോയി എന്ന് ഞാൻ അൽഭുതപ്പെടുകയാണു സർ. 5 സ്റ്റാൻഡേർഡ് ഏക്കറിൽ കുറവുള്ള ജൻമിമാർക്ക് അല്ലെങ്കിൽ ഭൂവുടമകൾക്ക് 20 സെൻറു വരെ ഏതെങ്കിലും കൃഷിക്കാരനിൽനിന്നും ഒഴിപ്പിക്കാം. അത് രണ്ടോ രണ്ടിൽ കൂടുതലോ ആളുകൾക്ക് വീടു പണിയാൻ വേണ്ടിയാണെങ്കിൽ 50 സെൻറുവരെയും ഒഴിപ്പിക്കാമെന്നാണ് ഈ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സാധാരണ 5 ഏക്കർ വരെ കൈവശമുള്ള ആളുകൾക്ക് ഇങ്ങനെ ഒഴിപ്പിക്കാമെന്നു പറയുമ്പോൾ നമ്മൾ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള സ്മാൾ ഹോൾഡേഴ്സിൻെറ ഡഫനിഷൻ വച്ചു നോക്കിയാൽ തന്നെ സ്മാൾ ഹോൾഡറുടെ ഇരട്ടി ഭൂമിയിൽ അവകാശമുള്ള ലാൻറ് ലോർഡ് ആയിരിക്കും ഒഴിപ്പിക്കുന്നത്.

" A landlord..... who is not in possession of any land or is in possession of land less than five standard acres....." ഇതാണ് സെക്ഷൻ 15-ലെ ഭൂവുടമകൾ. ഇവർക്ക് അവരുടെ കീഴെയുള്ള കുടിയാൻെറ കൈയിൽനിന്ന് 20 സെൻറുവരെയും രണ്ടിൽ കൂടുതൽ ആളുകൾ വീടുവയ്ക്കാനുണ്ടെങ്കിൽ 50 സെൻറുവരെയും ഒഴിപ്പിക്കാമെന്നാണ് പറയുന്നത്. ഒട്ടും ഭൂമിയില്ലാത്ത ലാൻറുലോർഡിന് അല്ലെങ്കിൽ ഒരേക്കറിനു താഴെ ഭൂമിയുള്ള ലാൻറ് ലോർഡിന് എന്ന് മാറ്റണമെന്നാണ് എൻെറ ഒരു ഭേദഗതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. അതായത്, ഒരു ഏക്കറിനു താഴെ ഭൂമി കൈവശമുള്ള ലാൻറ് ലോർഡിന് വീടുവയ്ക്കാൻ സമയത്ത് 20 സെൻറുവരെ കൃഷിക്കാരനിൽനിന്ന് ഒഴിപ്പിക്കാമെന്നു പറയുന്നത് നീതിയാണ്. നേരെമറിച്ച്, അഞ്ച് സ്റ്റാൻഡേർഡ് ഏക്കറിൽ അൽപം മാത്രം കുറവുള്ള ഭൂ ഉടമസ്ഥൻമാർക്കും അല്ലെങ്കിൽ ലാൻറ് ലോർഡിനും ഒഴിപ്പിക്കാമെന്ന്, 50 സെൻറുവരെ ഒഴിപ്പിക്കാമെന്ന് ഉള്ള അവകാശം കൊടുക്കുകയാണെങ്കിൽ അത് കൃഷിക്കാരനെ ദ്രോഹിക്കാൻ വേണ്ടിയുള്ള വ്യവസ്ഥയാക്കിത്തീർക്കുമോയെന്ന് ഞാൻ ഭയപ്പെടുന്നു. ഇതാണ് എൻെറ ഒരു ഭേദഗതി. പ്രൊവൈസോയിൽ പറയുന്നത്:

" Provided that, by such resumption, the total extent of land in the possession of the landlord shall not be raised above 5 standard acres....."

എന്നാണ്. അപ്പോൾ 5 സ്റ്റാൻഡേർഡ് ഏക്കറിൽ കവിയരുത് എന്നാണ് പറയുന്നത്. അതു മാറ്റിയിട്ട് 1 സ്റ്റാൻഡേർഡ് ഏക്കറിൽ കവിയരുത്

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് ഞാൻ മറെറാരു ഭേദഗതിമൂലം ആവശ്യപ്പെട്ടിരിക്കുന്നത്. മറെറാരു ഭേദഗതിയിൽ പറയുന്നത്:

'Provided further that no landlord shall be entitled to resume any land under this section from any tenant who was entitled to fixity of tenure in respect of his holding, immediately before the 21st January 1961, under any law then in force.'

എന്നാണ്. അതായത് 1961-നു മുൻപ് നിലവിലിരുന്ന നിയമപ്രകാരം യാതൊരു കാരണവശാലും ഒഴിപ്പിക്കപ്പെടരുത് എന്ന വ്യവസ്ഥ ഉണ്ടായിട്ട് ആ ആനുകൂല്യം അനുഭവിച്ചുവന്നിരുന്ന കൃഷിക്കാരെ ഇനി ഒഴിപ്പിക്കാൻ വേണ്ടി പുതുതായി ജൻമിമാർക്ക് ഒരു ആനുകൂല്യം കൊടുക്കാൻ പാടില്ല. 1964-ലെ ആക്ററിലാണ് അങ്ങനെയൊരു പുതിയ ആനുകൂല്യം അനുവദിച്ചുകൊടുത്തിരിക്കുന്നത്. അതിനുമുൻപ് നിലവിലുണ്ടായിരുന്ന നിയമത്തിൽ, ഉദാഹരണമായി കൊച്ചിയിലും മലബാറിലും ഉള്ള നിയമങ്ങളിൽ ആ ആനുകൂല്യം നിലവിലില്ലായിരുന്നു. യാതൊരു കാരണവശാലും ജൻമിക്ക് പുരവയ്ക്കാനുള്ള കാരണത്താൽ ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ മുമ്പുണ്ടായിരുന്നു. ആ ആനുകൂല്യം മുമ്പുണ്ടായിരുന്നെങ്കിൽ അനുവദിച്ചുകൊടുക്കണം. ഇല്ലായിരുന്നെങ്കിൽ വീടു വയ്ക്കാൻ വേണ്ടി ഒരു 20 സെൻറ് ഒഴിപ്പിക്കാം എന്നുപറയുന്ന ന്യായമായ അവകാശം സാധിപ്പിച്ചുകൊടുക്കണം. പക്ഷേ മുമ്പില്ലാത്ത ഒരു ആനുകൂല്യം പുതുതായി അനുവദിച്ചുകൊടുക്കുകയും കൃഷിക്കാർ നഷ്ടപ്പെടണമെന്നു പറയുകയും ചെയ്യുന്നത് അനുവദനീയമല്ല. യാതൊരുവിധത്തിലും കൃഷിക്കാർക്ക് ദ്രോഹകരമായ രീതിയിൽ പ്രവർത്തിക്കരുത്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. 17-ാമത്തെ സെക്ഷനിൽ resumption by small holder എന്നുള്ളതിൽ ഇതുപോലെ പ്രൊവൈസോ കൊടുത്തിട്ടുണ്ട്. അങ്ങനെ സ്മാൾ ഹോൾഡർ ഒഴിപ്പിക്കാൻ പാടില്ലെന്നു വ്യവസ്ഥചെയ്തിട്ടുള്ള കൃഷിക്കാർക്കുള്ള ആ ആനുകൂല്യം വീടുവയ്ക്കുന്ന കാര്യത്തിലും കൃഷിക്കാർക്കു ദ്രോഹകരമായി വരാൻ പാടില്ല. ആ ആനുകൂല്യം കൃഷിക്കാർക്കുതന്നെ കൊടുക്കണമെന്നാണ് ഭേദഗതി.

അടുത്ത ഭേദഗതി പുതുതായി ഒരു എക്സ്പ്ലനേഷൻ ചേർക്കാനാണ്. ഒഴിപ്പിക്കുന്നത് ബോണഫൈഡി മെംബേഴ്സിനുവേണ്ടി ആയിരിക്കണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ബോണഫൈഡി എന്താണെന്നുള്ളതിനെക്കുറിച്ച് കോടതിയിൽ പലവിധത്തിലുള്ള വിവാദങ്ങൾ നടന്നുവരികയാണ്. ഭർത്താവിനു വീടുണ്ടെങ്കിൽ ഭാര്യയ്ക്ക് അവിടെ താമസിക്കാം. ഭാര്യയ്ക്കു വീടുണ്ടെങ്കിൽ ഭർത്താവിനും അവിടെ താമസിക്കാം. ഭർത്താവിനു വീടുള്ള ഒരു ഭാര്യ ഒഴിപ്പിക്കണമെന്നു പറയുകയാണെങ്കിൽ ബോണഫൈഡി തെളിയിക്കാനുള്ള ഉത്തരവാദിത്വം ആ ഭാര്യയ്ക്ക് കൊടുക്കണം. ഭർത്താവാണ് ആവശ്യപ്പെടുന്നതെങ്കിൽ ആ ഉത്തരവാദിത്വം ഭർത്താവിനു കൊടുക്കണം. ഉദാഹരണമായി ഒരു ഭാര്യയും ഭർത്താവും തമ്മിൽ കലഹമാണ്, ഡൈവേഴ്സ് നടന്നുകാണുകയില്ല. അതുകൊണ്ട് രണ്ടായി താമസിക്കണമെന്നുള്ള അവസരത്തിൽ ആ വാദം ഉന്നയിക്കുകയാണെങ്കിൽ അതു ശരിയായിരിക്കും. പക്ഷേ അങ്ങനെയുള്ള ഘട്ടത്തിൽ അതു തെളിയിക്കാനുള്ള ഉത്തരവാദിത്വം അവർക്കാണ്. ഇത് വെറും ഊഹത്തിൽനിന്നു ഞാൻ പറയുകയല്ല. ഈ ബില്ലിൻെറ സെലക്ട് കമ്മിറ്റി തെളിവെടുക്കുന്ന ഘട്ടത്തിൽ (ഞാൻ സെലക്ട് കമ്മിറ്റി മെംബറല്ല) സെലക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള ഒരു നിവേദനത്തിൽ വ്യക്തമായി ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ]

ഒരു കേസ് സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽനിന്ന് രണ്ടുമൂന്നു വാചകം ഞാൻ അങ്ങയുടെ അനുവാദത്തോടുകൂടി വായിക്കുകയാണ്.

"To reinforce my above suggestion, I wish to bring to the committee's kind notice a case pending before the Land Tribunal. There the applicant is the wife of a retired High Court Judge. Her husband has let out many buildings in one or two corporations. She is living with her husband."

It is clear that this landlord does not want a few cents of property from the tenant to construct residential buildings in a remote corner in Chowghat Taluk, but she filed the above mentioned application for resumption against this tenant only to wreak vengeance against him.

അതായത് ഒരു കുടിയാന് എതിരായിട്ട് ഫെയർ റെൻറിനുവേണ്ടിയാണ് ആപ്ലിക്കേഷൻ കൊടുത്തത്. ഇവർ ഒരു ഹൈക്കോടതി ജഡ്ജിയുടെ ഭാര്യയാണ്, മാത്രമല്ല കുടുംബബന്ധങ്ങം പറയുകയാണെങ്കിൽ, ആ കുടുംബത്തിലെ ഒരംഗം ഒരു അംബാസിഡറും വേറെ ഒരാം ഹൈക്കോടതി ജഡ്ജിയുമൊക്കെയാണ്. അങ്ങനെയൊക്കെയുള്ള .....

ഡെപ്യൂട്ടി സ്പീക്കർ: അതേപ്പറ്റിയൊന്നും പറയേണ്ട.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: സർ, ഞാൻ ആളുകളെ സൂചിപ്പിക്കുകയല്ല. അവർ പറയുകയാണ് എന്നെ ചോദ്യംചെയ്യാൻ ഈ കുടിയാൻ തയ്യാറായിരിക്കുന്നു, എനിക്കെതിരായിട്ട് കോടതിയിൽ കേസ് കൊടുത്തിരിക്കുന്നു എന്ന്. അപ്പോം ബോണഫൈഡി എന്നുള്ളതിന് എക്സ്പ്ലനേഷൻ കൊടുക്കണം. ഭാര്യയ്ക്കു വീടുണ്ടെങ്കിൽ ഭർത്താവ് ആവശ്യപ്പെടുന്നത് ബോണഫൈഡിയല്ല. അല്ലെങ്കിൽ ഭർത്താവിന് വീടുണ്ടെങ്കിൽ ഭാര്യ ആവശ്യപ്പെടുന്നത് ബോണഫൈഡിയല്ല. ബോണഫൈഡിയല്ലെന്നു പറയുന്നത് എന്നെന്നേക്കുമായി ബാർ ചെയ്യുകയല്ല, ചിലപ്പോം അത്യാവശ്യമായിരിക്കും. അതുകൊണ്ട് എക്സ്പ്ലനേഷൻ സ്വീകരിച്ചു കഴിഞ്ഞാൽ ഭർത്താവിനോ ഭാര്യയ്ക്കോ വീടുണ്ടെങ്കിൽ ബോണഫൈഡിയല്ലെന്നുള്ള പ്രിസംപ്ഷനേ ഞാൻ പറയുന്നുള്ളു സർ. ആ പ്രിസംപ്ഷൻ വച്ചുകഴിഞ്ഞാൽ പിന്നീട് 'ബോണഫൈഡി' തെളിയിക്കേണ്ട ഉത്തരവാദിത്വം ഭാര്യയോ ഭർത്താവോ ഏറ്റംക്കേണ്ടിവരും. അതല്ലാതെ കുടിയാൻ ഏൽക്കേണ്ടിവരികയില്ല. അങ്ങനെ കുടിയാനെ മാലഫൈഡി ആണെന്നു തെളിയിക്കാൻ വേണ്ടി ഈ എക്സ്പ്ലനേഷൻ ചേർക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. അതുകൊണ്ട് ഈ ഭേഗതി സ്വീകരിക്കണം.

ശ്രീ. എം. രാമുണ്ണി: സർ, ഞാൻ ഈ 15-ാം clause-നു ഭേഗതി കൊടുത്തിട്ടില്ല. എങ്കിലും അങ്ങയുടെ അനുവാദത്തോടുകൂടി സംസാരിക്കുകയാണ്. ഇപ്പോം ഇവിടെ സംസാരിച്ചതിനെപ്പറ്റിയാണ് എനിക്ക് പറയാനുള്ളത്. 15-ാം വകുപ്പിലുള്ള "proviso" എടുത്തുകളഞ്ഞതിനെപ്പറ്റിതന്നെ. ആ proviso:

Provided further that no landlord shall be entitled to resume under this section any land in the possession of tenant belonging to the Scheduled Castes or Scheduled Tribes.

സർ, ഇത് ഒരു സേവിംഗ് ക്ലാസ് ആയിരുന്നു. ഇത് ഡിലീറ്റ് ചെയ്യാതെ ഒരു സേവിംഗ് ക്ലാസായിത്തന്നെ നിലനിറുത്തണമെന്നാണ് എന്റെ അഭിപ്രായം. ഹരിജനങ്ങളെ സംബന്ധിച്ചേടത്തോളം ഇത് ഒരു പരിരക്ഷാ വ്യവസ്ഥയായിരുന്നു. ഇത് മാറ്റിക്കളയുന്നത് ന്യായമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാഘവപൊതുവാൾ : സർ, ആക്ട് ഒൺ ഓഫ് 64-ൽ പ്രത്യേകിച്ചും 15, 16 എന്നീ വകുപ്പുകളാണ് ഒഴിപ്പിക്കലിനെ സംബന്ധിച്ചു പറയുന്ന വകുപ്പുകൾ. 15–ാമത്തെ വകുപ്പ് Resumption for construction of residential building എന്നതാണ്.

A landlord (other than a sthani or the trustee or owner of a place of public religious worship) who is not in possession of any land or is in possession of land less than five standard acres and who needs the holding for the purpose of constructing a building bonafide for his own residence or for that of any member of his family may resume from his tenant—

(i) an extent of land not exceeding 20 cents, where resumption is sought on behalf of one person; and

(ii) an extent of land not exceeding 50 cents where resumption is sought on behalf of two or more persons:

Provided that, by such resumption, the total extent of land in the possession of the landlord shall not be raised above 5 standard acres and the total extent of land in the possession of the tenant shall not be reduced below twenty cents:

Provided further that no landlord shall be entitled to resume under this section any land in the possession of tenant belonging to the Scheduled Castes or Scheduled Tribes.

1964-ലെ ഒന്നാം ആക്ട് വരുന്നതിനു മുൻപ് മലബാർ ഭാഗങ്ങളിൽ ഈ രീതിയിലുള്ള ഒഴിപ്പിക്കൽ ഉണ്ടായിട്ടില്ല. പ്രത്യേകിച്ച് കണ്ണൂർ, കോഴിക്കോട്, പാലക്കാട് മുതലായ സ്ഥലങ്ങളിൽ വീടുവയ്ക്കാനുള്ള ആവശ്യത്തിനാണെങ്കിൽപ്പോലും ഒഴിപ്പിക്കൽ ഉണ്ടായിരുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കാലാകാലമായി സമരംചെയ്തു സ്ഥിരാവകാശവും ജൻമാവകാശവും വാങ്ങാനുള്ള സ്ഥിതിവിശേഷത്തിലേക്ക് പോകുന്ന അവസരത്തിൽ അവരിൽനിന്നും ജൻമി ഇത്തരത്തിൽ ഭൂമി വാങ്ങുന്നതു വളരെ വേദനാജനകമാണ്. പാവപ്പെട്ട ജൻമിയെ സംബന്ധിച്ച് പറയുന്ന ആളുകൾ ഈ സഭാതലത്തിൽ ഒരിക്കൽപ്പോലും പാവപ്പെട്ട കുടിയാനെപ്പറ്റി ഇതേവരെ പറഞ്ഞുകേട്ടില്ല. അതുപോലെതന്നെ പാവപ്പെട്ട കർഷകത്തൊഴിലാളിയെപ്പറ്റിയും ആരും കണ്ണീരൊഴുക്കിയതായിക്കണ്ടില്ല.

ഒഴിപ്പിക്കുന്ന പ്രശ്നം മലബാർഭാഗത്ത് ഭാര്യയുടെ പേരിലായാലും ഭർത്താവിന്റെ പേരിലായാലും പട്ടാളക്കാരന്റെ പേരിലായാലും കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും വേദനിപ്പിക്കുന്ന വസ്തുതയാണ്. സർ, 1957-ൽ കൊണ്ടുവന്നിരുന്ന നിയമത്തിൽ ഒഴിപ്പിക്കുവാനുള്ള യാതൊരു വകുപ്പും ഉണ്ടായിരുന്നില്ല. എന്നാൽ 1964-ൽ ശ്രീമാൻ ചാക്കോ കൊണ്ടുവന്നിരുന്ന ബില്ലിൽ വീട്ടാവശ്യത്തിനുവേണ്ടി ഒഴിപ്പിക്കാനുള്ള വകുപ്പ് ഉണ്ട്. അതുകൊണ്ട് വളരെയധികം വിഷമം ആ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. വീടുള്ള ഭാര്യയെ ഉപേക്ഷിച്ചിട്ട് ഞാൻ ഭാര്യയെ ഉപേക്ഷിച്ചിരിക്കുന്നു. ഒഴിപ്പിക്കാനുള്ള അവകാശം തരണം എന്ന് ആവശ്യപ്പെട്ടു നടന്ന ആളുകളെ കണ്ടിട്ടുണ്ട്; ഇപ്രകാരമുള്ള വളരെയധികം ആളുകൾ ഉണ്ട്. ഭാര്യയെ ഉപേക്ഷിക്കുന്നത് രേഖപ്രകാരമായിരിക്കുകയില്ല.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: രേഖപ്രകാരമല്ലാതെ ഉപേക്ഷിക്കുക എന്നു പറഞ്ഞാൽ എപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാഘവപൊതുവാൾ: രേഖ പ്രകാരമെന്നു പറഞ്ഞാൽ കോടതിയിലുള്ള നിയമപ്രകാരം. കോടതിയിൽ ഹാജരായിട്ടോ, രജിസ്റ്ററർ ആഫീസിൽ പോയിട്ടോ ഒഴിയാവുന്നതാണ്. ഏതായാലും ഈ രൂപത്തിലുള്ള പല വിഷമതകളും സംഭവങ്ങളും ഇന്നും ആ ഭാഗങ്ങളിൽ നടക്കുന്നുണ്ട്.

ആ ഭാഗങ്ങളിൽ രണ്ടായിരത്തോളം ഹരിജനങ്ങൾ കുടികിടപ്പുകാരായിട്ടുണ്ട്. ഈ പതിനഞ്ചാം വകുപ്പ് നിലവിൽ വരുന്നതോടെ ഹരിജനങ്ങളെ ഒഴിപ്പിക്കുവാനുള്ള ഒരു സാഹചര്യം അവിടെ ഉണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഗോപാലകൃഷ്ണൻ പറഞ്ഞരീതിയിൽ കാര്യമായി ആലോചിക്കേണ്ട വസ്തുതയാണ്. ഏതുവിധത്തിൽ മുന്നോട്ടുപോകണമെന്നുള്ളത് ആലോചിക്കണം. കാരണം ഇത് ആ ഭാഗങ്ങളിലെ കുടിയാന്മാരുടെ മാനുഷിക വികാരപ്രശ്നമാണ്. കാലാകാലങ്ങളായി ആ ഭാഗത്തുള്ള ആളുകൾ സമരം ചെയ്തു നേടിയെടുത്തതാണ് ഈ അവകാശം. അത് ചാക്കോ എഴുതിവച്ച ബില്ലുപ്രകാരം കോൺഗ്രസ്കാർക്കോ കേരള കോൺഗ്രസ്കാർക്കോ എടുത്തുകളയുവാൻ സാധിക്കും; പക്ഷേ ഞങ്ങളെപോലുള്ള ആളുകൾക്ക്—ആ ഭാഗങ്ങളിൽ പോയിനിന്ന് ഉത്തരം പറയേണ്ട ആളുകൾക്ക്—ഇത് എടുത്തുകളയാൻ സാധ്യമല്ല. ഞാൻ വളരെ വ്യക്തമായി പ്രസ്താവിക്കുന്നത് ഈ പതിനഞ്ചാം വകുപ്പിൽ വേണ്ടഭേദഗതിവരുത്തണം എന്നാണ്.

ഡെപ്യൂട്ടി സ്പീക്കർ; ബഹുമാനപ്പെട്ട മെമ്പർ അമൻറുമെൻറു കൊടുത്തിട്ടില്ല.

ശ്രീ. കെ. പി. രാഘവപൊതുവാൾ: സർ, അമൻറുമെൻറു കൊടുക്കുവാൻ സമയം കിട്ടിയിട്ടില്ല. ഇത്രവേഗം ഈ 15-ാം വകുപ്പുവരെ എത്തുമെന്ന് ഉള്ള പ്രതീക്ഷ എന്നെ സംബന്ധിച്ചിടത്തോളം ഇല്ലായിരുന്നു. അതുകൊണ്ട് ഈ പതിനഞ്ചാം വകുപ്പിനെ സംബന്ധിച്ചിടത്തോളം കാര്യമായി ആലോചിക്കേണ്ടതുള്ളതുകൊണ്ട് ഈ വകുപ്പിൻെറ ചർച്ച മാറ്റിവയ്ക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): സർ, ഞാൻ ശ്രീ. പൊതുവാൾ പറഞ്ഞ അഭിപ്രായത്തോടു തികച്ചും യോജിക്കുകയാണ്, ഇന്നു രാവിലെ അമൻറുമെൻറു തപാൽ പെട്ടിയിൽ ഇട്ടിട്ടുണ്ട്. അമൻറുമെൻറു ഇവിടെ കിട്ടാത്തതുകൊണ്ടു അമൻറുമെൻറു മൂവു ചെയ്തു സംസാരിക്കുവാൻ അവകാശമില്ല. പൊതുവാൾ പറഞ്ഞിട്ടുള്ള സംഗതികൾ ഏറെറവും ശരിയായിട്ടുള്ളതാണ്. അവിടെ ഒരുതരത്തിലും ഒരു സെൻറു ഭൂമി പോലും ഒഴിപ്പിച്ചെടുക്കുവാൻ സാധ്യതകാണുന്നില്ല സർ, നേതാക്കൻമാർ പ്രസംഗിക്കുവാൻ വന്നാലും ഒരു തരത്തിലുള്ള ഒഴിപ്പിക്കലും അനുവദിക്കുകയില്ലെന്നാണ് പ്രസ്താവിക്കുന്നത്. തിരുവിതാംകൂർ ഭാഗത്തെ കർഷകനും, കുടിയാനും മലബാർഭാഗത്തെ കർഷകനും കുടിയാനും തമ്മിൽ വ്യത്യാസമുണ്ട്. ഇവിടെയാണെങ്കിൽ പാട്ടക്കരാർ പ്രകാരം ജന്മിക്ക് പാട്ടം കൊടുക്കണമെന്നില്ല. അവിടെയാണെങ്കിൽ പാട്ടം രൂപ, അണ, പൈസ, കൊടുത്തേ തീരൂ. പക്ഷേ ഭൂമി ഒഴിഞ്ഞു കൊടുക്കുന്ന പ്രശ്നമേ ഇല്ല. ഭൂമി ഒഴിഞ്ഞുകൊടുക്കുകയെന്നാൽ സ്വന്തം ഭൂമി വിറ്റാൽ കിട്ടുന്ന പ്രതിഫലം കുടിയാനും കിട്ടുന്നു. അങ്ങനെയുള്ള ജന്മിക്ക് വീടുകെട്ടാൻ വേണ്ടിയിട്ട് ഒഴിഞ്ഞുകൊടുക്കണമെന്നു പറയുന്നതിൽ യാതൊരർത്ഥവും ഇല്ല സർ,. ചില ജന്മിതറവാടുകളിൽ മുന്നൂറോളം അംഗങ്ങളുണ്ടാവാം ഉള്ള വസ്തു അമ്പതും മുപ്പതും കൊല്ലങ്ങളായി കൈവശംവെച്ച് കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന കുടിയാൻ ഈ വകുപ്പു കൊണ്ടുവരുന്നതു മൂലം ഒഴിഞ്ഞുകൊടുക്കണമെന്നു പറഞ്ഞാൽ അതു മലബാർഭാഗത്തു നടക്കുന്ന കാര്യമല്ല. ശ്രീ രാജഗോപാലാചാരിയുടെ ഗവൺമെൻറു 43 ൽ ഒരു ബില്ല് അവതരിപ്പിച്ചു. അന്ന് ശ്രീ. രാജാജി പറഞ്ഞത് ആ നിയമത്തിൽ ചെറുകിടക്കാരെയും വൻകിടക്കാരെയും തരം തിരിക്കാൻ പാടില്ലെന്നാണ്.

ഈ ബില്ല് പുരോഗമനപരമായ ഭേഗതികരം ഉൾക്കൊള്ളുന്നതാണ്. ഒഴിപ്പിക്കാൻ വ്യവസ്ഥ ചെയ്താൽ അർത്ഥമില്ലാതെ പോകും. തിരുവിതാംകൂർ ഭാഗത്ത് ഒഴിപ്പിക്കലിനു വ്യവസ്ഥ വയ്ക്കുന്നതിന് ഞങ്ങൾക്കു വിരോധമില്ല. മലബാർ ഭാഗത്ത് ഇത് ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കരുത്. ഞാൻ ഇതിന് ഭേഗതി അവതരിപ്പിക്കുന്നുണ്ട്. ഈ വകുപ്പുകരം ഈ നിലയിൽ അംഗീകരിക്കരുത് എന്ന അഭ്യർത്ഥനയാണ് ഉള്ളത്.

ശ്രീ. സി. കെ. രാജൻ: ഞാനും ആ അഭിപ്രായത്തോടു യോജിക്കുന്നു. ഈ വകുപ്പിൽ ചില പാകപ്പിഴകരം വന്നിട്ടുണ്ട്. ശ്രീ. ഗോപാലകൃഷ്ണന്റെ അഭിപ്രായത്തോടു യോജിക്കുകയാണ്. സ്വന്തമായിട്ടു ഭൂമി ഉണ്ടായിരുന്നാലും പുര വയ്ക്കുന്നതിനുവേണ്ടി ഒഴിപ്പിക്കാമെന്നു പറയുന്നത് പാടില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പു ഇപ്പോരം മാറ്റിവച്ച് മറ്റൊരു ദിവസത്തേക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ഈ വകുപ്പ് മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കാം. സെലക്ഷൻകമ്മിറ്റിയുടെ മിനിട്ട്സിൽ ഇപ്രകാരമാണ് വന്നത്. മിനിട്ട്സിനു എതിരായിട്ട് രേഖപ്പെടുത്തുവാൻ പറ്റുകയില്ല. ഹരിജനങ്ങളെ ഒഴിപ്പിക്കുന്നതിന് ഞങ്ങരം അനുകൂലമല്ല. എന്തായാലും അവരുടെ കൈവശമിരിക്കുന്ന ഭൂമി പുരവയ്ക്കുന്നതിനായാലും കൃഷിക്ക് ആയാലും ഒഴിപ്പിക്കുവാൻ പാടില്ല. അഞ്ചു സ്റ്റാൻഡേർഡ് ഏക്കർ എന്നു പറഞ്ഞാൽ 20 ഏക്കർ വരെ വരും. 20 ഏക്കർ ഉള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് പുരവയ്ക്കുന്നതിന് എന്നു പറഞ്ഞ് ഒഴിപ്പിക്കുവാൻ നോക്കും. അതുകൊണ്ട് ഈ ക്ലാസ് ഒന്നുമാറ്റി വയ്ക്കുന്നതായിരിക്കും നല്ലത്.

ശ്രീ. കെ. മെയ്തീൻകുട്ടി ഹാജി: 17-ാം വകുപ്പും ഒന്നു നിർത്തി വയ്ക്കുന്നതായിരിക്കും നല്ലത്.

Deputy Speaker: We have only two or three minutes more for us to adjourn. So we will adjourn now and meet again tomorrow at 8 a.m.

The Assembly adjourned at 12·57 p.m. to meet again at 8 a.m. on Friday, the 10th October, 1969.

LIBRARY ARCHIVES Kerala Legislative Assembly